**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5221** **21-03-2025 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിൽ പൊതു ആവശ്യത്തിന് നിലം നികത്തുന്നതിനുള്ള അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ പാലക്കാട് ജില്ലയിൽ പൊതു ആവശ്യത്തിന് നിലം നികത്തുന്നതിന് എത്ര അപേക്ഷകളാണ് ലഭ്യമായിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ; | (എ) | ലഭ്യമായ കണക്കുകൾ പ്രകാരമുള്ള 29 അപേക്ഷകളിൽ 26 എണ്ണം തീർപ്പ് കൽപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കാർ ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണത്തിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്; ഉത്തരവുകളുടെ പകർപ്പുകൾ സഹിതം വിവരം ലഭ്യമാക്കാമോ; | (ബി) | ലഭ്യമായ കണക്കുകൾ പ്രകാരമുള്ള 29 അപേക്ഷകളിൽ 26 എണ്ണം തീർപ്പ് കൽപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കാർ ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (സി) | തീർപ്പുകൽപ്പിക്കാൻ കഴിയാത്ത അപേക്ഷകൾ എന്ത് കാരണത്താലാണ് നിരസിച്ചതെന്ന് വ്യക്തമാക്കാമോ? | (സി) | 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 2(xiv) പ്രകാരമുള്ള ' പൊതു ആവശ്യം ' എന്ന നിർവ്വചനത്തിന്റെ പരിധിയിൽ വരാത്തതും, ബി.റ്റി.ആർ / ഡാറ്റാ ബാങ്കിൽ തണ്ണീർത്തടം എന്ന് ഉൾപ്പെട്ടിട്ടുള്ളതും, പരിവർത്തനാ നുമതിയ്ക്ക് അപേക്ഷിച്ചിട്ടുള്ള ഭൂമിയുടെ സമീപ പ്രദേശത്തെ നെൽകൃഷിയ്ക്കും, ജലനിർഗ്ഗമന മാർഗ്ഗങ്ങൾക്കും തടസ്സമാകുമെന്ന് ബോധ്യമാകുന്ന സാഹചര്യത്തിലുമാണ് അപേക്ഷകൾ സാധാരണയായി നിരസിക്കുന്നത്. |

സെക്ഷൻ ഓഫീസർ

GO Rt/1102/2016/AGRI

File No.AGRI-NCA2/272/2016-AGRI

കേരള സർക്കാർ

<u>സംഗ്രഹം</u>

കൃഷി വകുപ്പ് - കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 – സംസ്ഥാനതല സമിതി - പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്കിൽ പുതുക്കോട് വില്ലജിൽ സർവ്വേ നം. ബ്ലോക്ക് 33 186/1 – ൽ പ്പെട്ട 0.1375 ഹെക്ടർ (34 സെന്റ്) നിലം സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് പരിവർത്തനപ്പെടുത്തുന്നതിന് പുതുക്കോട് നാരായണ യു.പി. സ്കൂൾ സമർപ്പിച്ച അപേക്ഷ നിരസിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (എൻസിഎ) വകുപ്പ്

സ.ഉ (ആർ.റ്റി) നം. /2016/കൃഷി തീയതി, തിരുവനന്തപുരം,

---

പരാമർശം:- 1. മാനേജർ, നാരായണ യു.പി. സ്കൂൾ, പുതുക്കോട് സമർപ്പിച്ച അപേക്ഷ.
2. 14/7/216 തീയതിയിലെ പുതുക്കോട് കൃഷി ഓഫീസറുടെ 06/9/2016 - തീയതിയിലെ കത്ത്.
3. 2/11/2016 ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

<u>ഉത്തരവ്</u>

പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്കിൽ പുതുക്കോട് സർവ്വേ നം. ബ്ലോക്ക് 33 186/1 – ൽ പ്പെട്ട 0.1375 ഹെക്ടർ (34 സെന്റ്) നിലം സ്കൂൾകെട്ടിടം നിർമ്മിക്കുന്നതിന് പരിവർത്തനപ്പെടുത്തുന്നതിന് പുതുക്കോട് നാരായണ യു.പി. സ്കൂൾ സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷ 02.11.2016 തീയതിയിൽ ചേർന്ന സംസ്ഥാനതല സമിതി യോഗത്തിൽ പരിശോധിക്കുകയും താഴെ പറയും പ്രകാരം തീരുമാനം കൈക്കൊള്ളുകയും സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.

"പാലക്കാട് ജില്ലയിൽ പുതുക്കോട് വില്ലേജിൽ സർവ്വേ നം. ബ്ലോക്ക് 33 186/1 ൽ ഉൾപ്പെട്ട 0.1375 ഹെക്ടർ (34 സെന്റ്) സ്ഥലം സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് മറ്റു കരഭൂമി കണ്ടെത്താൻ നിർദ്ദേശിച്ചു കൊണ്ട് പ്രസ്തുത അപേക്ഷ നിരസിക്കാൻ സമിതി തീരുമാനിച്ചു"

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, അപേക്ഷയിൽ പരിശോധിച്ച സ്ഥലത്ത് നിലവിൽ നെൽകൃഷി ചെയ്യുന്നില്ലെങ്കിലും നെൽവയലുകൾ ജല സംഭരണികൾ ആയതിനാൽ പ്രസ്തുത പരിവർത്തനം ഭാവിയിലെ ജലദൗർലഭ്യതയ്ക്ക് കാരണമാകുമെന്നതിനാലും പാരിസ്ഥിതിക വ്യവസ്ഥയുടെ സുസ്ഥിരത ഉറപ്പാക്കേണ്ടതായതിനാലും പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിൽ പുതുക്കോട് വില്ലേജിൽ സർവ്വേ നം. ബ്ലോക്ക് 33 186/1 – ൽ പ്പെട്ട 0.1375 ഹെക്ടർ (34 സെന്റ്) നിലം സ്കൂൾ കെട്ടിടം പണിയുന്നതിന് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം),

ജില്ലാ കളക്ടർ, പാലക്കാട്

File No.AGRI-NCA2/272/2016-AGRI

GO Rt/1102/2016/AGRI

പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ, പാലക്കാട്

കൃഷി ഓഫീസർ, കൃഷി ഭവൻ, പാലക്കാട്

വില്ലേജ് ഓഫീസർ ,പുതുക്കോട് , പാലക്കാട്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ് - കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, 2008 — സംസ്ഥാനതല സമിതി - പാലക്കാട് ജില്ലയിൽ മുണ്ടൂർ 1 വില്ലേജിൽ സർവ്വേ നം. 391/2, 391/3, 391/5, 391/6-ൽ ഉൾ പ്പെട്ട 53.2 സെന്റ് നിലം പരിവർത്തനപ്പെടുത്തി ശ്രീ.മുണ്ടൂർ കൃഷ്ണൻകുട്ടി സ്മാരക സാംസ്കാരിക നിലയം പണിയുന്നതിലേയ്ക്കായി മുണ്ടൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ - നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (എൻ.സി.എ) വകുപ്പ്

സ.ഉ.(സാധാ) നം.392/2023/AGRI തീയതി,തിരുവനന്തപുരം, 26-04-2023

---

പരാമർശം:- 1. മുണ്ടൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ

2. 16/01/2023-ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

ഉത്തരവ്

പാലക്കാട് ജില്ലയിൽ മുണ്ടൂർ 1 വില്ലേജിൽ സർവ്വേ നം. 391/2, 391/3, 391/5, 391/6-ൽ ഉൾപ്പെട്ട 53.2 സെന്റ് നിലം പരിവർത്തനപ്പെടുത്തി ശ്രീ.മുണ്ടൂർ കൃഷ്ണൻകുട്ടി സ്മാരക സാംസ്കാരിക നിലയം പണിയുന്നതിലേയ്ക്കായി മുണ്ടൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് (8) പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി 16/01/2023-ൽ കൂടിയ യോഗത്തിൽ പരിശോധിച്ച്, താഴെപ്പറയും പ്രകാരം തീരുമാനം കൈക്കൊള്ളുകയും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.

"പാലക്കാട് ജില്ലയിൽ മുണ്ടൂർ 1 വില്ലേജിൽ സർവ്വേ നം. 391/2, 391/3, 391/5, 391/6-ൽ ഉൾപ്പെട്ട 53.2 സെന്റ് നിലം പരിവർത്തനപ്പെടുത്തി ശ്രീ.മുണ്ടൂർ കൃഷ്ണൻകുട്ടി സ്മാരക സാംസ്കാരിക നിലയം പണിയുന്നതിലേയ്ക്കായി മുണ്ടൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. മുണ്ടൂർ ഗ്രാമപഞ്ചായത്ത് സാംസ്കാരിക നിലയത്തിന്റെ നിർമ്മാണത്തിനായുള്ള ഭൂമി പാലക്കാട് താലൂക്കിൽ മുണ്ടൂർ 1 വില്ലേജിൽ ബ്ലോക്ക് 12-ൽ ഉൾപ്പെട്ട 391/6-ലെ 22.4 സെന്റ്, 391/5-ലെ 23.95 സെന്റ്, 391/3-ലെ 2.85 സെന്റ്, 391/2-ലെ 4 സെന്റ് ആകെ 53.2 സെന്റ് സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ള നിലം വഹകളാണ്. ടി സ്ഥലം മുണ്ടൂർ പഞ്ചായത്തിലെ പൊരിയാനി പാടശേഖരത്തിൽ ഉൾപ്പെട്ടതും നിലവിൽ തരിശായി കിടക്കുന്നതുമാണ്. പ്രസ്തുത പരിവർത്തനം പാരിസ്ഥിതിക വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നതും സ്വാഭാവിക നീരൊഴുക്കിന് തടസ്സമുണ്ടാക്കുന്നതുമാണ്. കൂടാതെ അപേക്ഷയിലെ ആവശ്യം പൊതുആവശ്യമെന്ന നിർവ്വചനത്തിൽ ഉൾപ്പെടാത്തതിനാൽ അപേക്ഷ നിരസിക്കാമെന്നുള്ള സമിതിയുടെ തീരുമാനം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യാൻ തീരുമാനിച്ചു."

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു മുണ്ടൂർ ഗ്രാമപഞ്ചായത്ത് സാംസ്കാരിക

നിലയത്തിന്റെ നിർമ്മാണത്തിനായുള്ള ഭൂമി മുണ്ടൂർ പഞ്ചായത്തിലെ പൊരിയാനി പാടശേഖരത്തിൽ ഉൾപ്പെട്ടതും പ്രസ്തുത പരിവർത്തനം പാരിസ്ഥിതിക വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നതും സ്വാഭാവിക നീരൊഴുക്കിന് തടസ്സമുണ്ടാക്കുന്നതുമാണ് എന്ന് ബോദ്ധ്യപ്പെട്ടതിനാൽ , പരാമർശം (1) പ്രകാരം മുണ്ടൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

V L BEENA

ഡെപ്യൂട്ടിസെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, പാലക്കാട്.

ഡോ.പി.ഒ.നമീർ, ഡീൻ കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവകലാശാല, തൃശ്ശൂർ.

ഡോ.അനു.ജി.കൃഷ്ണൻ, അസ്സോസിയേറ്റ് പ്രൊഫസർ, ഹോർട്ടികൾച്ചർ, റീജിയണൽ അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷൻ, കുമരകം, കോട്ടയം.

സെക്രട്ടറി, മുണ്ടൂർ ഗ്രാമപഞ്ചായത്ത്, മുണ്ടൂർ, പാലക്കാട് ജില്ല.

പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ, പാലക്കാട്.

കൃഷി ഓഫീസർ,കൃഷി ഭവൻ, മുണ്ടൂർ.

വില്ലേജ് ഓഫീസർ, മുണ്ടൂർ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി [ഫയൽ നം.AGRI-NCA2/10/2021-AGRI]

ഉത്തരവിൻ പ്രകാരം

Signed by
Archana.b.p
Date: 27-04-2023 10:31:31

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - സംസ്ഥാനതല സമിതി - പാലക്കാട് ജില്ലയിൽ വെള്ളിനേഴി വില്ലേജിൽ അടക്കാപുത്തൂർ കരണംകാട്ടിൽ ലിങ്ക് റോഡ് നിർമ്മിക്കുന്നതിനായി വെള്ളിനേഴി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ - നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (എൻസിഎ) വകുപ്പ്

സ.ഉ.(സാധാ) നം.590/2023/AGRI തീയതി,തിരുവനന്തപുരം, 19-06-2023

---

പരാമർശം:- 1. വെള്ളിനേഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച ഫോറം 2 അപേക്ഷ ഉള്ളടക്കം ചെയ്ത വെള്ളിനേഴി കൃഷി ഓഫീസറുടെ 06.12.2022-ലെ VLY/15/2022-23 നം. കത്ത്.

2. 16.01.2023-ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം

**ഉത്തരവ്**

പാലക്കാട് ജില്ലയിൽ വെള്ളിനേഴി വില്ലേജിൽ ബ്ലോക്ക് 62 സർവ്വേ നം 152/18, 152/13, 152/15, 151/5, 151/9, 151/4, 203/17, 203/12-ൽപ്പെട്ട 51.96 സെന്റ് നിലം പരിവർത്തനപ്പെടുത്താൻ വെള്ളിനേഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് (8) പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി 16/01/2023-ൽ കൂടിയ യോഗത്തിൽ പരിശോധിച്ച്, താഴെപ്പറയും പ്രകാരം തീരുമാനം കൈക്കൊള്ളുകയും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി:

''പാലക്കാട് ജില്ലയിൽ വെള്ളിനേഴി വില്ലേജിൽ സർവ്വേ നം 152/18, 152/13, 152/15, 151/5, 151/9, 151/4, 203/17, 203/12-ൽ പ്പെട്ട 51.96 സെന്റ് നിലം പരിവർത്തനപ്പെടുത്താൻ വെള്ളിനേഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. അടക്കാപുത്തൂർ കരണംകാട്ടിൽ ലിങ്ക് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലം സർവ്വേ നം. 152/18, 152/13, 152/15, 151/5, 151/9, 151/4, 203/17, 203/12 ഉൾ പ്പെട്ടിട്ടുള്ള 51.96 സെന്റ് നിലം വഹകളാണ് വെള്ളിനേഴി ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിരിക്കുന്നത്. ടി സ്ഥലം അടയ്ക്കാപുത്തൂർ തെക്ക് പാടശേഖരത്തിൽപ്പെട്ട ഇരുപ്പ നെൽകൃഷി ചെയ്യാൻ സാധിക്കുന്ന ഭൂമിയാണ്. പ്രസ്തുത പരിവർത്തനം പരിസ്ഥിതി വ്യവസ്ഥയേയും ചേർന്നുകിടക്കുന്ന നെൽകൃഷിയേയും പ്രതികൂലമായി ബാധിക്കുകയും സ്വാഭാവികമായ നീരൊഴുക്കിനെ തടസ്സപ്പെടുത്തുകയും ചെയ്യും എന്നുള്ള കൃഷി ഓഫീസറുടെ റിപ്പോർട്ട് വിശദമായി പരിശോധിച്ചു. പ്രസ്തുത നിർമ്മാണം പാരിസ്ഥിതിക വ്യവസ്ഥയെ ദോഷകരമായി ബാധിക്കുമെന്ന ബോദ്ധ്യപ്പെട്ടതിനാൽ അപേക്ഷയിലെ ആവശ്യം നിരസിക്കാമെന്ന സമിതിയുടെ തീരുമാനം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യാൻ തീരുമാനിച്ചു.''

2. സംസ്ഥാനതല സമിതിയുടെ മേൽ റിപ്പോർട്ട് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം-2008ലെ വകുപ്പ് 10(2) പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു. പരിവർത്തനപ്പെടുത്തൽ ചേർന്നുകിടക്കുന്ന നെൽകൃഷിയെയും പാരിസ്ഥിതിക വ്യവസ്ഥയെയും ദോഷകരമായി ബാധിക്കില്ലായെന്ന് ബോദ്ധ്യപ്പെട്ടാൽ മാത്രമേ സർക്കാരിന് പരിവർത്തനാനുമതി നൽകാൻ നിയമത്തിൽ വ്യവസ്ഥയുള്ളു. പാലക്കാട് ജില്ലയിൽ വെള്ളിനേഴി വില്ലേജിൽ ബ്ലോക്ക് 62 സർവ്വേ നം. 152/18, 152/13, 152/15, 151/5, 151/9, 151/4, 203/17, 203/12-ൽപ്പെട്ട 51.96 സെന്റ് ഭൂമി സംബന്ധിച്ച് കൃഷി ഓഫീസർ സമർപ്പിച്ച റിപ്പോർട്ടും സംസ്ഥാനതല സമിതിയുടെ റിപ്പോർട്ടും പരിശോധിച്ചതിൽ പ്രസ്തുത ഭൂമി ഇരുപ്പ നെൽകൃഷി ചെയ്യാൻ സാധിക്കുന്ന ഭൂമിയാണെന്നും പാരിസ്ഥിതിക വ്യവസ്ഥയെ ബാധിക്കുമെന്നും ബോദ്ധ്യപ്പെട്ടതിനാൽ പരാമർശം (2) അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എസ് സാബിർ ഹുസൈൻ

അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, വെള്ളിനേഴി ഗ്രാമപഞ്ചായത്ത്, കുളക്കാട്.പി.ഒ, പാലക്കാട്.

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, പാലക്കാട്.

പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ, പാലക്കാട്.

ഡോ.പി.ഒ.നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവ്വകലാശാല, തൃശ്ശൂർ.

ഡോ.അനു.ജി.കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഹോർട്ടികൾച്ചർ, റീജയണൽ അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ (25), കുമരകം, കോട്ടയം.

കൃഷി ഓഫീസർ, കൃഷി ഭവൻ, വെള്ളിനേഴി, പാലക്കാട്.

വില്ലേജ് ഓഫീസർ, വെള്ളിനേഴി, പാലക്കാട്.

കരുതൽ ഫയൽ / ഓഫീസ് കോപ്പി [ഫയൽ നം.AGRI-NCA2/486/2022-AGRI]

ഉത്തരവിൻ പ്രകാരം

Signed by
Archana.b.p
Date: 19-06-2023 12:59:29

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം — പാലക്കാട് ജില്ല പൊൽപ്പുള്ളി ഗ്രാമപഞ്ചായത്ത് പൊൽപ്പുള്ളി വില്ലേജിൽ നിലം പരിവർത്തനപ്പെടുത്തി റോഡ് നിർമ്മിക്കുന്നതിന് പൊൽപ്പുള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ - നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

കൃഷി (എൻ.സി.എ) വകുപ്പ്

സ.ഉ.(സാധാ) നം.804/2023/AGRI തീയതി,തിരുവനന്തപുരം, 10-08-2023

പരാമർശം:- 1. പൊൽപ്പുള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച ഫോറം.2 അപേക്ഷ ഉള്ളടക്കം ചെയ്ത പൊൽപ്പുള്ളി കൃഷി ഓഫീസറുടെ 20.9.2022-ലെ പി.എൽ.വൈ 1/2022-23 നമ്പർ കത്ത്.

2. 16.01.2023 ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

ഉത്തരവ്

പാലക്കാട് ജില്ല പൊൽപ്പുള്ളി ഗ്രാമപഞ്ചായത്ത്, പൊൽപ്പുള്ളി വില്ലേജിൽ ബ്ലോക്ക് നം. 45-ൽ 326/1, 3, 4 എന്നീ സർവ്വേ നമ്പറുകളിലായി 0.0800 ഹെക്ടർ നിലം പരിവർത്തനപ്പെടുത്തി റോഡ് നിർമ്മിക്കുന്നതിന് പൊൽപ്പുള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് (8) പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി 16.01.2023-ൽ കൂടിയ യോഗത്തിൽ പരിശോധിച്ച് താഴെപ്പറയും പ്രകാരം തീരുമാനം കൈക്കൊള്ളുകയും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി:

"പാലക്കാട് ജില്ലയിൽ പൊൽപ്പുള്ളി വില്ലേജിൽ 326/4- 0.0130 ഹെക്ടർ, 326/4- 0.0270 ഹെക്ടർ, 326/3 - 0.0320 ഹെക്ടർ, 326/1 - 0.0080 ഹെക്ടർ നിലം പരിവർത്തനപ്പെടുത്തി റോഡ് നിർമ്മിക്കുന്നതിന് പൊൽപ്പുള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ സമിതി വിശദമായി പരിശോധിച്ചു. പ്രസ്തുത സ്ഥലം പരിശോധിച്ചതിൽ പനയൂർ കയ്പ്പക്കോട് പാടശേഖരങ്ങളിൽ നെൽകൃഷി ചെയ്തുവരുന്ന സ്ഥലങ്ങൾ ഉൾപ്പെടുന്നു. പാടവരമ്പ് വീതി കൂട്ടിയാണ് ഏകദേശം 70 മീറ്ററോളം നീളത്തിൽ റോഡ് നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നത് എന്ന് ബോദ്ധ്യപ്പെട്ടു. പരിവർത്തനപ്പെടുത്തിയാൽ പ്രസ്തുത സ്ഥലത്തോട് ചേർന്നുകിടക്കുന്ന നെൽകൃഷിയേയോ, അതിലേയ്ക്കുള്ള സുഗമമായ നീരൊഴുക്കിനെയോ പ്രതികൂലമായി ബാധിക്കും എന്ന് ബോദ്ധ്യപ്പെട്ടു. പാടവരമ്പ് വീതികൂട്ടിയാണ് ഏകദേശം 70 മീറ്ററോളം നീളത്തിൽ റോഡ് നിർമ്മാണം. ആയതിനാൽ നിലവിലെ കൃഷിയെ സാരമായി ബാധിക്കുകയും, ഭാവിയിൽ മറ്റു നെൽവയലുകൾ പരിവർത്തനപ്പെടുത്താൻ സാധ്യതയുള്ളതിനാലും ടി അപേക്ഷ അനുവദിക്കേണ്ടതില്ല എന്നുള്ള സമിതിയുടെ തീരുമാനം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യാൻ തീരുമാനിച്ചു. "

2. സംസ്ഥാനതല സമിതിയുടെ മേൽ റിപ്പോർട്ട് 2008-ലെ കേരള നെൽവയൽ

തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 10(2) പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു. ടി ഭൂമി പരിവർത്തനപ്പെടുത്തിയാൽ പ്രസ്തുത സ്ഥലത്തോട് ചേർന്നുകിടക്കുന്ന നെൽകൃഷിയേയും അതിലേയ്ക്കുള്ള സുഗമമായ നീരൊഴുക്കിനെയും പ്രതികൂലമായി ബാധിക്കും എന്ന് ബോദ്ധ്യപ്പെട്ടു. പാടവരമ്പ് വീതി കൂട്ടി ഏകദേശം 70 മീറ്ററോളം നീളത്തിലുള്ള റോഡ് നിർമ്മാണം നിലവിലെ കൃഷിയെ സാരമായി ബാധിക്കുമെന്നതിനാലും, ഭാവിയിൽ മറ്റു നെൽവയലുകൾ പരിവർത്തനപ്പെടുത്താൻ സാധ്യതയുള്ളതിനാലും പരാമർശം (1) അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
V L BEENA
ഡെപ്യൂട്ടിസെക്രട്ടറി

സെക്രട്ടറി, പൊൽപ്പുള്ളി ഗ്രാമപഞ്ചായത്ത്, പാലക്കാട്.
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, പാലക്കാട്.
പ്രിൻസിപ്പൽ കൃഷി ഓഫീസർ, പാലക്കാട്.
ഡോ.പി .ഒ .നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവകലാശാല, തൃശ്ശൂർ.
ഡോ. അനു.ജി. കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഹോർട്ടികൾച്ചർ റീജിയണൽ അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ (25), കുമരകം, കോട്ടയം.
വില്ലേജ് ഓഫീസർ, പൊൽപ്പുള്ളി വില്ലേജ് ഓഫീസ്, പാലക്കാട്.
കൃഷി ഓഫീസർ, പൊൽപ്പുള്ളി കൃഷി ഭവൻ, പാലക്കാട്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി [ഫയൽ നം. AGRI-NCA1/179/2023-AGRI]

ഉത്തരവിൻ പ്രകാരം
Signed by
Archana.b.p
Date: 11-08-2023 10:25:04

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - പാലക്കാട് ജില്ലയിൽ കാവശ്ശേരി ഗ്രാമപഞ്ചായത്തിൽ റോഡ് നിർമ്മിക്കുന്നതിന് കാവശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ - നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

കൃഷി (എൻ.സി.എ) വകുപ്പ്

സ.ഉ.(സാധാ) നം.1035/2023/AGRI തീയതി,തിരുവനന്തപുരം, 27-10-2023

പരാമർശം:- 1. കാവശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ ഉള്ളടക്കം ചെയ്ത കാവശ്ശേരി കൃഷി ഓഫീസറുടെ 28.06.2022-ലെ KVSY/20/2022-23 നമ്പർ കത്ത്.

2. 16.01.2023-ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം

ഉത്തരവ്

പാലക്കാട് ജില്ല കാവശ്ശേരി ഗ്രാമപഞ്ചായത്തിൽ 0.1921 ഹെക്ടർ നെൽവയൽ റോഡ് നിർമ്മാണത്തിനായി പരിവർത്തനപ്പെടുത്തുന്നതിന് കാവശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, വകുപ്പ് 8 പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി 16.01.2023-ൽ കൂടിയ യോഗത്തിൽ പരിശോധിച്ച് താഴെപ്പറയും പ്രകാരം തീരുമാനം കൈക്കൊള്ളുകയും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി:

"പാലക്കാട് ജില്ലയിൽ കാവശ്ശേരി 1 വില്ലേജിൽ ബ്ലോക്ക് 29-ൽ വിവിധ സർവ്വേ നമ്പരിൽപ്പെട്ട 1.921 ഹെക്ടർ ഭൂമിയിൽ ആറാപ്പുഴ റോഡ് നിർമ്മിക്കുന്നതിന് കാവശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ സംസ്ഥാനതല സമിതി വിശദമായി പരിശോധിച്ചു. പ്രസ്തുത സ്ഥലം പരിശോധിച്ചതിൽ നിലവിൽ നെൽകൃഷി പാടശേഖരങ്ങളിൽ നെൽകൃഷി ചെയ്തു വരുന്ന സ്ഥലങ്ങൾ ഉൾപ്പെടുന്നു. പരിവർത്തനപ്പെടുത്തിയാൽ പ്രസ്തുത സ്ഥലത്തോട് ചേർന്ന് കിടക്കുന്ന നെൽകൃഷിയേയോ, അതിലേയ്ക്കുള്ള സുഗമമായ നീരൊഴിക്കിനേയോ പ്രതികൂലമായി ബാധിക്കും എന്ന് ബോദ്ധ്യപ്പെട്ടു. നെൽപാടങ്ങളിലൂടെയുള്ള റോഡ് നിർമ്മാണം നിലവിലെ കൃഷിയെ സാരമായി ബാധിക്കുകയും, ഭാവിയിൽ മറ്റു നെൽവയലുകൾ പരിവർത്തനപ്പെടുത്താൻ സാധ്യതയുള്ളതിനാലും ടി അപേക്ഷ അനുവദിക്കേണ്ടതില്ല എന്നുള്ള സമിതിയുടെ തീരുമാനം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യാൻ തീരുമാനിച്ചു . "

2. സംസ്ഥാനതല സമിതിയുടെ മേൽ റിപ്പോർട്ട് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 10(2) പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു. ടി ഭൂമിയിൽ നെൽകൃഷി ചെയ്തു വരുന്ന സ്ഥലങ്ങൾ ഉൾപ്പെടുന്നതിനാലും, പരിവർത്തനപ്പെടുത്തിയാൽ പ്രസ്തുത സ്ഥലത്തോട് ചേർന്ന് കിടക്കുന്ന നെൽകൃഷിയെയും അതിലേയ്ക്കുള്ള സുഗമമായ നീരൊഴിക്കിനേയും പ്രതികൂലമായി ബാധിക്കും എന്ന് ബോദ്ധ്യപ്പെട്ടതിനാലും, നെൽപാടങ്ങളിലൂടെയുള്ള റോഡ് നിർമ്മാണം നിലവിലെ കൃഷിയെ

സാരമായി ബാധിക്കുകയും, ഭാവിയിൽ മറ്റു നെൽവയലുകൾ പരിവർത്തനപ്പെടുത്താൻ സാധ്യതയുള്ളതിനാലും പരിവർത്തനാനുമതി നൽകേണ്ടതില്ലെന്ന സംസ്ഥാനതല സമിതി യോഗ തീരുമാനം അംഗീകരിച്ച് പരാമർശം (1) അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

V L BEENA

ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, കാവശ്ശേരി ഗ്രാമപഞ്ചായത്ത്, പാലക്കാട്

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, പാലക്കാട്.

റവന്യൂ ഡിവിഷണൽ ഓഫീസർ, പാലക്കാട്.

പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ, പാലക്കാട്.

ഡോ.പി.ഒ.നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവ്വകലാശാല, തൃശ്ശൂർ.

ഡോ.അനു.ജി.കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഹോർട്ടികൾച്ചർ, റീജയണൽ അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ (25), കുമരകം, കോട്ടയം.

കൃഷി ഓഫീസർ, കൃഷി ഭവൻ, കാവശ്ശേരി, പാലക്കാട്.

വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്).

കരുതൽ ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം.AGRI-NCA1/288/2023-AGRI)

ഉത്തരവിൻ പ്രകാരം

Signed by
Archana.b.p
സെക്ഷൻ ഓഫീസർ
Date: 27-10-2023 14:58:47

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - അംഗൻവാടി കെട്ടിട നിർമ്മാണത്തിനായി പാലക്കാട് ജില്ല കൊട്ടുമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ - നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

കൃഷി (എൻ.സി.എ) വകുപ്പ്

സ.ഉ.(സാധാ) നം.25/2024/AGRI തീയതി,തിരുവനന്തപുരം, 08-01-2024

പരാമർശം:- 1. വനിതാ ശിശു വികസന ഡയറക്ടറുടെ 22.01.2021-ലെ ICDS/B5-11516/20 നമ്പർ സർക്കുലർ.

2. കൊട്ടുമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച ഫോറം.2 അപേക്ഷ ഉള്ളടക്കം ചെയ്ത കൊട്ടുമ്പ് കൃഷി ഓഫീസറുടെ KDB 23/2023-2024 നമ്പർ കത്ത്.

3. 06.10.2023-ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

ഉത്തരവ്

പാലക്കാട് ജില്ലയിൽ കൊട്ടുമ്പ് വില്ലേജിൽ സർവ്വേ നമ്പർ 384/24 (384/8)-ൽ ഉൾപ്പെട്ട 1.22 ആർസ് നിലം പരിവർത്തനപ്പെടുത്തി അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിന് കൊട്ടുമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 8 പ്രകാരം രൂപീകരിച്ച സംസ്ഥാനതലസമിതി 06.10.2023-ൽ കൂടിയ യോഗത്തിൽ പരിശോധിച്ച് താഴെപ്പറയും പ്രകാരം തീരുമാനം കൈക്കൊള്ളുകയും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.

"പാലക്കാട് ജില്ലയിൽ കൊട്ടുമ്പ് വില്ലേജിൽ സർവ്വേ നമ്പർ 384/24 (384/8)-ൽ ഉൾപ്പെട്ട 1.22 ആർസ് നിലം പരിവർത്തനപ്പെടുത്തി അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിന് കൊട്ടുമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. പാരിസ്ഥിതിക വ്യവസ്ഥയ്ക്ക് ദോഷം ബാധിക്കാത്ത രീതിയിലും സമീപ പ്രദേശങ്ങളിലെ നീരൊഴുക്ക് തടസ്സപ്പെടാത്ത രീതിയിലും ആവശ്യമായ മുൻകരുതലുകൾ എടുക്കണമെന്ന വ്യവസ്ഥയിൽ പരിവർത്തനാനുമതി നൽകാവുന്നതാണ്. "

2. സംസ്ഥാനതല സമിതിയുടെ മേൽ റിപ്പോർട്ട് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 10(2) പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു. അംഗൻവാടി കെട്ടിട നിർമ്മാണത്തിന് സ്ഥലം കണ്ടെത്തുമ്പോൾ നിലം, നെൽവയൽ, തണ്ണീർത്തടം എന്നിവ തിരഞ്ഞെടുക്കരുതെന്ന് പരാമർശം (1) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. അംഗൻവാടി നിർമ്മാണത്തിന് അനുമതി നൽകുന്നത് അവശേഷിക്കുന്ന പാടശേഖരത്തിന്റെ പരിവർത്തനത്തിലേക്ക് നയിക്കാനുള്ള സാഹചര്യവും തുടർന്ന് നെൽകൃഷി പൂർണമായി ഉപേക്ഷിക്കുന്ന സാഹചര്യത്തിലേക്കും കൊണ്ടെത്തിക്കുമെന്നതിനാൽ, പാലക്കാട്

ജില്ലയിൽ കൊടുമ്പ് വില്ലേജിൽ സർവ്വേ നമ്പർ 384/24 (384/8)-ൽ ഉൾപ്പെട്ട 1.22 ആർസ് നിലം പരിവർത്തനപ്പെടുത്തി അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിന് സമർപ്പിച്ച പരാമർശം (2) അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
V L BEENA
ഡെപ്യൂട്ടി സെക്രട്ടറി

1.സെക്രട്ടറി, കൊടുമ്പ് ഗ്രാമപഞ്ചായത്ത്, പാലക്കാട്.

2.ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

3.ജില്ലാ കളക്ടർ, പാലക്കാട്.

4.പ്രിൻസിപ്പൽ കൃഷി ഓഫീസർ, പാലക്കാട്.

5.ഡോ.പി.ഒ.നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് &എൻവയോണമെന്റൽ സയൻസ്, കാർഷിക സർവകലാശാല, തൃശ്ശൂർ.

6.ഡോ.അനു.ജി.കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഹോർട്ടികൾച്ചർ, റീജയണൽ അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ (25), കുമരകം, കോട്ടയം.

7.കൃഷി ഓഫീസർ, കൃഷി ഭവൻ, കൊടുമ്പ്, പാലക്കാട്.

8.വില്ലേജ് ഓഫീസർ, കൊടുമ്പ്, പാലക്കാട്.

9.വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)

10.കരുതൽ ഫയൽ / ഓഫീസ് കോപ്പി [AGRI-NCA1/195/2023-AGRI]

ഉത്തരവിൻ പ്രകാരം
Signed by
Archana.b.p
Date: 08-01-2024 11:22:32
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - സംസ്ഥാനതല സമിതി - പാലക്കാട് ജില്ലയിൽ എണ്ണപ്പാടം-അണപ്പാടം റോഡ് നിർമ്മിക്കുന്നതിന് കർഷകരായ ശ്രീ.കൃഷ്ണൻകുട്ടി മുതൽപേർ സമർപ്പിച്ച അപേക്ഷ - നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (എൻ.സി.എ) വകുപ്പ്

സ.ഉ.(സാധാ) നം.28/2024/AGRI  തീയതി,തിരുവനന്തപുരം, 08-01-2024

---

പരാമർശം:- 1. കർഷകരായ ശ്രീ.കൃഷ്ണൻകുട്ടി മുതൽപേർ സമർപ്പിച്ച ഫോം.2 അപേക്ഷകൾ ഉള്ളടക്കം ചെയ്ത എലപ്പുള്ളി കൃഷി ഓഫീസറുടെ ELY(29)/2020-2021 നമ്പർ കത്ത്.

2. 24.01.2022-ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

<u>ഉത്തരവ്</u>

പാലക്കാട് ജില്ലയിൽ എലപ്പുള്ളി II വില്ലേജിൽ സർവ്വേ നം. B/39. 629/1, 629/2, 630/1, 630/2-ൽ ഉൾപ്പെട്ട 0.061 ഹെക്ടർ നിലം നികത്തി എണ്ണപ്പാടം-അണപ്പാടം റോഡ് നിർമ്മിക്കുന്നതിന് പരാമർശം (1) പ്രകാരം 4 കർഷകർ സമർപ്പിച്ച അപേക്ഷ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 8 പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി 24.01.2022-ൽ കൂടിയ യോഗത്തിൽ പരിശോധിച്ച് താഴെപ്പറയും പ്രകാരം തീരുമാനം കൈക്കൊള്ളുകയും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.

''പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ എലപ്പുള്ളി ഗ്രാമപഞ്ചായത്തിൽ എണ്ണപ്പാടം-അണപ്പാടം റോഡ് നിർമ്മിയ്ക്കുന്നതിന് നിലം പരിവർത്തനപ്പെടുത്താൻ സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. പ്രസ്തുത അപേക്ഷയിൽ ഉൾക്കൊള്ളിച്ച ഫോട്ടോ പരിശോധിച്ചപ്പോൾ നെൽവയലിന്റെ അരികിലൂടെയാണ് പ്രസ്തുത റോഡ് കടന്നു പോകുന്നത്. നെൽ പാടത്തുകൂടെ ഉള്ള റോഡ് കൃഷിയെ സാരമായി ബാധിക്കും. കൂടാതെ ഭാവിയിൽ മറ്റു നെൽവയലുകൾ പരിവർത്തനപ്പെടുത്താൻ സാധ്യതയുണ്ട്. ആയതിനാൽ ടി അപേക്ഷ അനുവദിക്കേണ്ടതില്ല എന്നുള്ള സമിതിയുടെ തീരുമാനം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യാൻ തീരുമാനിച്ചു.''

2. സംസ്ഥാനതല സമിതിയുടെ മേൽ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചു. നെൽവയലിന്റെ അരികിലൂടെയാണ് പ്രസ്തുത റോഡ് കടന്നു പോകുന്നതെന്നും ആയത് കൃഷിയെ സാരമായി ബാധിക്കുമെന്നും ഭാവിയിൽ മറ്റു നെൽവയലുകൾ പരിവർത്തനപ്പെടുത്താൻ സാധ്യതയുണ്ടെന്നും ബോധ്യപ്പെട്ടതിനാൽ പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ എലപ്പുള്ളി ഗ്രാമപഞ്ചായത്തിൽ എണ്ണപ്പാടം-അണപ്പാടം റോഡ് നിർമ്മിയ്ക്കുന്നതിന് നിലം പരിവർത്തനപ്പെടുത്തുന്നതിന് സമർപ്പിച്ച പരാമർശം (1) അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവ്

പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
V L BEENA
ഡെപ്യൂട്ടി സെക്രട്ടറി

1.ശ്രീ.കൃഷ്ണൻകുട്ടി, S/o പഴണിമല, എറച്ചിക്കാട്, പള്ളത്തേരി പി.ഒ., പാലക്കാട്.

2.ശ്രീ.രവീന്ദ്രനാഥൻ, S/o വാസു, പാറക്കൽ വീട്, എണ്ണപ്പാടം, എലപ്പുള്ളി പി.ഒ.

3.ശ്രീ.രാജു, S/o കപ്പുക്കുട്ടി, പാറമേട്, പള്ളത്തേരി പി.ഒ., പാലക്കാട്.

4.ശ്രീ.ബഷീർ, S/o മുഹമ്മദ് ഇബ്രാഹിം, പടിഞ്ഞാറേക്കര, എണ്ണപ്പാടം, എലപ്പുള്ളി പി.ഒ.

5.ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

6.ജില്ലാ കളക്ടർ, പാലക്കാട്.

7.പ്രിൻസിപ്പൽ കൃഷി ഓഫീസർ, പാലക്കാട്.

8.ഡോ.പി.ഒ.നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവ്വകലാശാല, തൃശ്ശൂർ.

9.ഡോ.അനു.ജി.കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഹോർട്ടികൾച്ചർ, റീജയണൽ അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ (25), കുമരകം, കോട്ടയം.

10.കൃഷി ഓഫീസർ, കൃഷി ഭവൻ, എലപ്പുള്ളി, പാലക്കാട്.

11.വില്ലേജ് ഓഫീസർ, എലപ്പുള്ളി, പാലക്കാട്.

12.വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)

13.കരുതൽ ഫയൽ / ഓഫീസ് കോപ്പി [AGRI-NCA1/342/2023-AGRI]

ഉത്തരവിൻ പ്രകാരം
Signed by
Archana.b.p
Date: 08-01-2024 12:44:11
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - പൊതു ആവശ്യം - പാലക്കാട് ജില്ലയിൽ വെള്ളിനേഴി വില്ലേജിൽ വടക്കൻ വെള്ളിനേഴി മാളിയേക്കൽ കോളനി ചാമക്കുന്ന് റോഡ് നിർമ്മാണത്തിനായി നിലം പരിവർത്തനപ്പെടുത്തുന്നതിന് വെള്ളിനേഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ - നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (എൻ.സി.എ) വകുപ്പ്

സ.ഉ.(സാധാ) നം.596/2024/AGRI തീയതി,തിരുവനന്തപുരം, 01-07-2024

---

പരാമർശം:- 1. വെള്ളിനേഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച ഫോം.2 അപേക്ഷ ഉള്ളടക്കം ചെയ്ത വെള്ളിനേഴി കൃഷി ഓഫീസറുടെ 24.11.2023-ലെ VLY/15/2023-24 നമ്പർ കത്ത്.

2. 11.03.2024-ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

<u>ഉത്തരവ്</u>

പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്ക് വെള്ളിനേഴി വില്ലേജിൽ ബ്ലോക്ക് 63 ൽ സർവ്വേ നമ്പർ 46/3, 46/15 എന്നിവയിൽപ്പെട്ട 11.81 സെന്റ് നിലം ഭൂമി വടക്കൻ വെള്ളിനേഴി മാളിയേക്കൽ കോളനി ചാമക്കുന്ന് റോഡ് നിർമ്മിക്കുന്നതിലേയ്ക്കായി പരിവർത്തനപ്പെടുത്തുന്നതിന് വെള്ളിനേഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 8 പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി 11.03.2024-ൽ കൂടിയ യോഗത്തിൽ പരിശോധിച്ച്, താഴെ പറയും തീരുമാനം കൈക്കൊള്ളുകയും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി:

"പാലക്കാട് ജില്ലയിൽ വെള്ളിനേഴി വില്ലേജിൽ ബ്ലോക്ക് 63 ൽ സർവ്വേ നമ്പർ 46/3, 46/15 എന്നിവയിൽപ്പെട്ട 04.78 ആർസ് നിലം വടക്കൻ വെള്ളിനേഴി മാളിയേക്കൽ കോളനി ചാമക്കുന്ന് റോഡ് നിർമ്മാണത്തിനായി പരിവർത്തനപ്പെടുത്തുന്നതിന് വെള്ളിനേഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ, ആവശ്യമായ ജലസംരക്ഷണ ജലാഗമന നിർഗമന നടപടികൾ സ്വീകരിക്കണമെന്ന വ്യവസ്ഥയിൽ പരിവർത്തനാനുമതി നൽകാവുന്നതാണ്. ടി വ്യവസ്ഥ പാലിയ്ക്കുന്നുണ്ടോയെന്ന് ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്."

2. സംസ്ഥാനതല സമിതിയുടെ മേൽ റിപ്പോർട്ട് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 10(2) പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു. പരിവർത്തനം പാരിസ്ഥിതിക വ്യവസ്ഥയേയും ചേർന്ന് കിടക്കുന്ന നെൽ കൃഷിയേയും പ്രതികൂലമായി ബാധിക്കുകയും സ്വാഭാവിക നീരൊഴുക്കിനെ തടസ്സപ്പെടുത്തുകയും ചെയ്യുമെന്നും പ്രസ്തുത പരിവർത്തനം 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ

നിയമം 3-ാം വകുപ്പ് ലംഘിക്കുന്നതാണെന്നുമുള്ള വെള്ളിനേഴി കൃഷി ഓഫീസറുടെ റിപ്പോർട്ട് പരിഗണിച്ച്, പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്ക് വെള്ളിനേഴി വില്ലേജിൽ ബ്ലോക്ക് 63ൽ സർവ്വേ നമ്പർ 46/3, 46/15 എന്നിവയിൽപ്പെട്ട 11.81 സെന്റ് (04.78 ആർസ്) നിലം ഭൂമി വടക്കൻ വെള്ളിനേഴി മാളിയേക്കൽ കോളനി ചാമക്കുന്ന് റോഡ് നിർമ്മിക്കുന്നതിലേയ്ക്കായി പരിവർത്തനപ്പെടുത്തുന്നതിന് വെള്ളിനേഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച പരാമർശം (1) അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബാലഗോപാൽ കെ കെ

അഡിഷണൽ സെക്രട്ടറി

1. സെക്രട്ടറി, വെള്ളിനേഴി ഗ്രാമപഞ്ചായത്ത്, കളക്കാട് പി.ഒ,
   പാലക്കാട്-679503
2. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
3. ജില്ലാ കളക്ടർ, പാലക്കാട്.
4. പ്രിൻസിപ്പൽ കൃഷി ഓഫീസർ, മലപ്പുറം.
5. ഡോ.പി.ഒ.നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് &
   എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവകലാശാല, തൃശ്ശൂർ.
6. ഡോ.അനു.ജി.കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഹോർട്ടികൾച്ചർ,
   റീജിയണൽ അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ (25) കുമരകം, കോട്ടയം.
7. കൃഷി ഓഫീസർ, വെള്ളിനേഴി കൃഷി ഓഫീസ്, പാലക്കാട്.
8. വില്ലേജ് ഓഫീസർ, വെള്ളിനേഴി, പാലക്കാട്.
9. വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്).
10. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Archana B P

Date: 02-07-2024 11:16:46

സെക്ഷൻ ഓഫീസർ

പകർപ്പ്:

1.കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്.

2. കാർഷികോൽപ്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

G.O.(Ms)No.83/2018/AGRI



## കേരള സർക്കാർ

**സംഗ്രഹം**

കൃഷി വകുപ്പ് – കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 – സംസ്ഥാനതല സമിതി – പാലക്കാട് ജില്ലയിൽ കൊടുമ്പ് വില്ലേജിൽ ബ്ലോക്ക് നം.46 റീ.സർവ്വേ നം.216/4, 217/9, 216/5 – ൽ ഉൾപ്പെട്ട .2985 ഹെക്ടർ സ്ഥലം കൊച്ചി സേലം LPG (ലിക്വിഫൈഡ് പെട്രോളിയം ഗ്യാസ്) പൈപ്പ് ലൈൻ പ്രോജക്റ്റിന്റെ ആവശ്യത്തിനായി Sectionlizing valve station നിർമ്മിക്കുന്നതിനായി കൊച്ചി – സേലം പൈപ്പ് ലൈൻ പ്രൈവറ്റ് ലിമിറ്റഡ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ BPCL കൊച്ചി സമർപ്പിച്ച അപേക്ഷ – അനുമതി നൽകി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻസിഎ)വകുപ്പ്**

സ.ഉ (എം.എസ്)നം......../2018/കൃഷി തീയതി, തിരുവനന്തപുരം,

---

പരാമർശം:-

1. കൊച്ചി- സേലം പൈപ്പ് ലൈൻ പ്രൈവറ്റ് ലിമിറ്റഡ് (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ) BPCL- കൊച്ചി പ്രാദേശികതല നിരീക്ഷണ സമിതി മുമ്പാകെ സമർപ്പിച്ച അപേക്ഷ.
2. കൊടുമ്പ് കൃഷി ഓഫീസറുടെ 28/3/2018- തീയതിയിലെ KDB-23/17-18 നമ്പർ കത്ത്.
3. 17/5/2018-ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

**ഉത്തരവ്**

പാലക്കാട് ജില്ലയിൽ കൊടുമ്പ് വില്ലേജിൽ ബ്ലോക്ക് നം.46-ൽ റീ.സർവ്വേ നം.216/4,217/9,216/5-ൽ ഉൾപ്പെട്ട .2985 ഹെക്ടർ സ്ഥലം കൊച്ചി സേലം LPG ( ലിക്വിഫൈഡ് പെട്രോളിയം ഗ്യാസ്) പൈപ്പ് ലൈൻ പ്രോജക്റ്റിന്റെ ആവശ്യത്തിനായി Sectionlizing valve station നിർമ്മിക്കുന്നതിനായി പരിവർത്തനാനുമതിയ്ക്ക് വേണ്ടി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ, പരാമർശം (2) പ്രകാരം കൊടുമ്പ് കൃഷി ഓഫീസർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷ 17/05/2018 – തീയതിയിൽ ചേർന്ന സംസ്ഥാനതല സമിതി യോഗത്തിൽ പരിശോധിക്കുകയും ചുവടെ പ്രകാരം റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.

'പ്രസ്തുത സ്ഥലം നിലവിൽ പറമ്പായി കിടക്കുന്നതും ചുറ്റും നെൽകൃഷിയെ ബാധിക്കുന്നില്ലെന്നും കൃഷി ഓഫീസർ റിപ്പോർട്ടു ചെയ്തു. പ്രസ്തുത സ്ഥലം പാലക്കാട് ചിറ്റൂർ PWD റോഡിനോട് ചേർന്നു കിടക്കുന്ന ഭൂമിയാണ് എന്ന അപേക്ഷയിൽ നിന്നും വ്യക്തമായിട്ടുണ്ട്. പ്രസ്തുത സ്ഥലം പരിവർത്തനപ്പെടുത്തുന്നതു കൊണ്ട് പാരിസ്ഥിതിക വ്യതിയാനങ്ങൾ ഒന്നും സംഭവിക്കാൻ സാധ്യത ഇല്ലാത്തതിനാൽ ആവശ്യമായ ജല നിർഗ്ഗമന ചാലുകൾ നിർമ്മിച്ച് അപേക്ഷയിലെ ആവശ്യം അംഗീകരിക്കാമെന്നു തീരുമാനിച്ചു'.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസ്തുത പരിവർത്തനംമൂലം പാരിസ്ഥിതിക വ്യവസ്ഥയെ ദോഷകരമായി ബാധിക്കാത്തതിനാലും പകരം മറ്റു സ്ഥലം ലഭ്യമല്ല എന്ന് ബോധ്യപ്പെട്ടതിനാലും,

പരിവർത്തനാനുമതിക്ക് വേണ്ടി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പൊതു ആവശ്യമായതിനാലും പാലക്കാട് ജില്ലയിൽ കൊട്ടുമ്പ് വില്ലേജിൽ ബ്ലോക്ക് നം.46– റീ.സർവ്വേ നം.216/4, 217/9, 216/5 – ൽ ഉൾപ്പെട്ട . 2985 ഹെക്ടർ സ്ഥലം കൊച്ചി സേലം LPG (ലിക്വിഫൈഡ് പെട്രോളിയം ഗ്യാസ്) പൈപ്പ് ലൈൻ പ്രോജക്റ്റിന്റെ ആവശ്യത്തിനായി Sectionlizing valve station നിർമ്മിക്കുന്നതിനായി നിലം പരിവർത്തനം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൊച്ചി – സേലം പൈപ്പ് ലൈൻ പ്രൈവറ്റ് ലിമിറ്റഡ് BPCL, കൊച്ചി , റിഫൈനറി സിറ്റി ഓഫീസ്, കുണ്ടന്നൂർ , മരട് പോസ്റ്റ് , എറണാകുളം ജില്ല.

ജില്ലാ കളക്ടർ, പാലക്കാട് .

പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ, പാലക്കാട്.

കൃഷി ഓഫീസർ, കൃഷി ഭവൻ, കൊട്ടുമ്പ്, പാലക്കാട്.

വില്ലേജ് ഓഫീസർ, കൊട്ടുമ്പ്, പാലക്കാട്.

വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കൃഷി വകുപ്പ് - കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 — സംസ്ഥാനതല സമിതി - പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ കൊടുവായൂർ -1 - വില്ലേജിൽ സർവ്വേ നം. 537/1-ൽ ഉൾപ്പെട്ട 40 സെന്റ് നിലം പൊതുആവശ്യത്തിനായി നികത്തി വൃദ്ധ- വികലാംഗരെ സംരക്ഷിക്കുന്നതിന് കെട്ടിടം നിർമ്മിക്കുന്നതിന് കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ- അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (എൻസിഎ) വകുപ്പ്

സ.ഉ.(കൈ) നം.39/2023/AGRI തീയതി,തിരുവനന്തപുരം, 04-05-2023

---

പരാമർശം:-

1. 17/10/2013 തീയതിയിലെ ജി.ഒ(ആർ.ടി) നം516/2013/എസ്ജെഡി നമ്പർ ഉത്തരവ്
2. കൊടുവായൂർ കൃഷിഓഫീസർ സമർപ്പിച്ച കത്തും അതിൽ ഉള്ളടക്കം ചെയ്ത കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച 25/08/2021 തീയതിയിലെ അപേക്ഷയും
3. 13/12/2022 തീയതിയിലെ കൊടുവായൂർ കൃഷി ഓഫീസറുടെ KDR4/21-23 നം. റിപ്പോർട്ട്.
4. 20/03/2023 - തീയതിയിലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.
5. കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 27/03/2023 തീയതിയിലെ സി-125/2023 നം.കത്ത് .

<u>ഉത്തരവ്</u>

പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ കൊടുവായൂർ-1 - വില്ലേജിൽ സർവ്വേ നം. 537/1-ൽ ഉൾപ്പെട്ട 40 സെന്റ് നിലം വൃദ്ധ- വികലാംഗരെ സംരക്ഷിക്കുന്നതിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി നിലം പരിവർത്തനപ്പെടുത്താൻ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം ലഭിക്കുകയുണ്ടായി.

2. 03.02.2022-ൽ കൂടിയ സംസ്ഥാനതല സമിതി, ടി അപേക്ഷ പരിശോധിക്കുകയും കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ കൈവശത്തിലുള്ള കൊട്ടുവായൂർ വില്ലേജ് ബ്ലോക്ക് 1-ൽ റീസർവ്വേ 537/1-ൽ ഉൾപ്പെട്ട 0.1214 ഹെക്ടർ നിലം വഹകളിൽ തെക്ക ഭാഗം റോഡും ഇരുവശത്തും വീടുകളുമാണ് എന്ന് റിപ്പോർട്ടു ചെയ്തിരുന്നു. വൃദ്ധസദനത്തിനായി 40 സെന്റ് തരിശായി കിടക്കുന്ന നിലം 25 വർഷത്തോളമായി നെൽകൃഷി ചെയ്യാത്തതിനാലും ചുറ്റും വീടുകൾ ഉള്ളതിനാലും പരിവർത്തനാനുമതി നൽകാവുന്നതാണ് എന്ന പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശിപാർശയിന്മേൽ കൃഷി ഓഫീസറോട് റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത സ്ഥലം 25 വർഷത്തോളമായി തരിശായി കിടക്കുന്നതും കൃഷിയോഗ്യമല്ലാത്തതുമായ സ്ഥലമാണ് എന്നും പ്രസ്തുത സ്ഥലത്തിന്റെ ഇരു ഭാഗങ്ങളിലും വർഷങ്ങൾ പഴക്കമുള്ള കെട്ടിടവും ഒരു ഭാഗം റോഡും പുറകിൽ കൃഷിയോഗ്യമല്ലാത്ത തരിശുമാണെന്ന് കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 20.03.2022 കൂടിയ സംസ്ഥാനതല സമിതിയിൽ ടി വിഷയം വീണ്ടും പരിശോധിക്കുകയും, താഴെ പറയും പ്രകാരം റിപ്പോർട്ടു ചെയ്യുകയുമുണ്ടായി.

''പാലക്കാട് ജില്ലയിൽ കൊട്ടുവായൂർ - I വില്ലേജിൽ വൃദ്ധ - വികലാംഗരെ സംരക്ഷിക്കുന്നതിന് കെട്ടിടം നിർമ്മിക്കുന്നതിന് കൊട്ടുവായൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ പരിശോധിച്ചു. കൊല്ലംകോട് ബ്ലോക്ക് സെക്രട്ടറിയുടെ കൈവശത്തിലുള്ള കൊട്ടുവായൂർ വില്ലേജ് ബ്ലോക്ക് 1-ൽ റീസർവ്വേ നം.537/1-ൽ ഉൾപ്പെട്ട 0.1214 ഹെക്ടർ നിലം വഹകളിൽ തെക്ക ഭാഗം റോഡും ഇരുവശത്തും വീടുകളുമാണ്. വൃദ്ധ സദനത്തിനായി 40 സെന്റ് തരിശായി കിടക്കുന്ന നിലം 25 വർഷത്തോളമായി നെൽകൃഷി ചെയ്യാത്തതിനാലും ചുറ്റും വീടുകൾ ഉള്ളതിനാലും പരിവർത്തനാനുമതി നൽകാവുന്നതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വൃദ്ധസദനം പ്രവർത്തിക്കുന്നുണ്ടോ എന്ന് സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും ഉറപ്പുവരുത്തി മാത്രമേ പരിവർത്തനാനുമതി നൽകാവൂ എന്നുള്ള സമിതിയുടെ ശുപാർശ സർക്കാരിലേക്കു റിപ്പോർട്ടു ചെയ്യാൻ തീരുമാനിച്ചു.''

3. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 10(2) പ്രകാരം റിപ്പോർട്ട് വിശദമായി പരിശോധിച്ച പ്രസ്തുത സ്ഥലം പരിവർത്തനപ്പെടുത്തുന്നതുകൊണ്ടും ഈ പ്രദേശത്തെ പാരിസ്ഥിതിക വ്യവസ്ഥയെ ദോഷകരമായി ബാധിക്കുകയില്ല എന്ന് ബോധ്യപ്പെട്ടതിനാലും കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ വൃദ്ധസദനം പ്രവർത്തിക്കുന്നതിന് സാമൂഹിക നീതി വകുപ്പ്

ഭരണാനുമതി നല്കിയിട്ടുള്ളതിനാലും, പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ കൊടുവായൂർ-1 - വില്ലേജിൽ സർവ്വേ നം. 537/1-ൽ ഉൾപ്പെട്ട 40 സെന്റ് നിലം വൃദ്ധ- വികലാംഗരെ സംരക്ഷിക്കുന്നതിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി നിലം പരിവർത്തനപ്പെടുത്താൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എസ് സാബിർ ഹുസൈൻ

അഡിഷണൽ സെക്രട്ടറി

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, കൊല്ലംകോട്, പാലക്കാട് ജില്ല

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, പാലക്കാട്

ഡോ. പി.ഒ. നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവ്വകലാശാല, തൃശ്ശൂർ-680656. nameer.po@kau.in

ഡോ.അനു.ജി.കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഹോർട്ടികൾച്ചർ, റീജയണൽ അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ (RARS), കുമരകം, കോട്ടയം

പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ, പാലക്കാട്

കൃഷി ഓഫീസർ, കൃഷി ഭവൻ, കൊടുവായൂർ

വില്ലേജ് ഓഫീസർ , കൊടുവായൂർ-1 വില്ലേജ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Vineeshkumar
Date: 06-05-2023 14:54:11

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - കളിസ്ഥലം നവീകരിക്കുന്നതിനും ക്ലാസ്സ്മുറികൾ നിർമ്മിക്കുന്നതിനും പാലക്കാട് കുമരപുരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ സമർപ്പിച്ച അപേക്ഷ - നിലം പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (എൻസിഎ) വകുപ്പ്

സ.ഉ.(കൈ) നം.57/2023/AGRI തീയതി,തിരുവനന്തപുരം, 24-06-2023

---

പരാമർശം:- 1. കുമരപുരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ സമർപ്പിച്ച അപേക്ഷകൾ ഉള്ളടക്കം ചെയ്ത 24.03.2023-ലെ പാലക്കാട് മുൻസിപ്പാലിറ്റി അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസറുടെ KBPKD-41/2022-23(1) & KBPKD-41/2022-23(2) നമ്പർ കത്തുകൾ.

2. 27/04/2023-ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

ഉത്തരവ്

പാലക്കാട് ജില്ലയിൽ പാലക്കാട് II വില്ലേജിൽ സർവ്വേ നം.2899-ൽ ഉൾപ്പെട്ട 0.3472 ഹെക്ടർ സ്ഥലം പരിവർത്തനപ്പെടുത്തി കളിസ്ഥലം നവീകരിക്കുന്നതിനും, പാലക്കാട് II വില്ലേജിൽ സർവ്വേ നം.2896-ൽ ഉൾപ്പെട്ട 30 സെന്റ് സ്ഥലം പരിവർത്തനപ്പെടുത്തി ക്ലാസ്സ്മുറികൾ നിർമ്മിക്കുന്നതിനുമായി പാലക്കാട് കുമരപുരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ സമർപ്പിച്ച അപേക്ഷ പാലക്കാട് മുൻസിപ്പാലിറ്റി അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ പരാമർശം (1) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് (8) പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി 27/04/2023-ൽ കൂടിയ യോഗത്തിൽ പരിശോധിച്ച്, താഴെപ്പറയും പ്രകാരം തീരുമാനം കൈക്കൊള്ളുകയും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി:

"പാലക്കാട് ജില്ലയിൽ പാലക്കാട് 2 വില്ലേജിൽ സർവ്വേ നം.2899-ൽ ഉൾപ്പെട്ട 0.3472 ഹെക്ടർ സ്ഥലം സ്കൂളിലെ കളിസ്ഥലം നവീകരിക്കുന്നതിന് നിലം പരിവർത്തനപ്പെടുത്തുന്നത് 'പൊതുആവശ്യം' ആയതിനാലും പരിവർത്തനപ്പെടുത്തുന്നതുമൂലം സമീപത്തെ നീരൊഴുക്കിനെ തടസ്സപ്പെടാത്ത രീതിയിൽ മുൻകരുതലുകൾ കൈക്കൊള്ളണമെന്നുള്ള വ്യവസ്ഥയിൽ അപേക്ഷയിലെ ആവശ്യം അംഗീകരിക്കാമെന്നുള്ള സമിതിയുടെ തീരുമാനം സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യാൻ തീരുമാനിച്ചു."

"പാലക്കാട് 2 വില്ലേജിൽ സർവ്വേ നം.2896-ൽ ഉൾപ്പെട്ട 30 സെന്റ് സ്ഥലം പരിവർത്തനപ്പെടുത്തി ക്ലാസ്സ്മുറികൾ നിർമ്മിക്കുന്നത് 'പൊതുആവശ്യം' ആയതിനാലും പരിവർത്തനപ്പെടുത്തുന്നതുമൂലം സമീപത്തെ നീരൊഴുക്കിനെ തടസ്സപ്പെടാത്ത രീതിയിൽ

മുൻകരുതലുകൾ കൈക്കൊള്ളണമെന്നുള്ള വ്യവസ്ഥയിൽ അപേക്ഷയിലെ ആവശ്യം അംഗീകരിക്കാമെന്നുള്ള സമിതിയുടെ തീരുമാനം സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യാൻ തീരുമാനിച്ചു."

2. സംസ്ഥാനതല സമിതിയുടെ മേൽ റിപ്പോർട്ട് 2008-കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 10(2) പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു. പ്രസ്തുത അപേക്ഷകളിൽ സൂചിപ്പിച്ച ഭൂമിയുടെ സമീപത്ത് നെൽവയലുകൾ ഇല്ലാത്തതിനാൽ പാരിസ്ഥിതിക സ്വഭാവത്തിന് മാറ്റം ഉണ്ടാവുന്നില്ല എന്ന് ബോദ്ധ്യപ്പെട്ടു. പ്രസ്തുത അപേക്ഷയിലെ ആവശ്യം 'പൊതുആവശ്യം' ആയതിനാലും പരിവർത്തനപ്പെടുത്തുന്നത് സമീപത്തെ നീരൊഴുക്കിനെ തടസ്സപ്പെടാത്ത രീതിയിൽ മുൻകരുതലുകൾ കൈക്കൊള്ളണമെന്നുമുള്ള വ്യവസ്ഥയിൽ പാലക്കാട് II വില്ലേജിൽ 2899-ൽ ഉൾപ്പെട്ട 0.3472 ഹെക്ടർ സ്ഥലം പാലക്കാട് കുമരപുരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ കളിസ്ഥലം നവീകരിക്കുന്നതിനും, പാലക്കാട് II വില്ലേജിൽ സർവ്വേ നം. 2896-ൽ ഉൾപ്പെട്ട 3 0 സെന്റ് സ്ഥലം പരിവർത്തനപ്പെടുത്തി ക്ലാസ്സ്മുറികൾ നിർമ്മിക്കുന്നതിനും പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ അനുവദിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് സാബിർ ഹുസൈൻ
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ, ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, അംബികാപുരം.പി.ഒ, കുമരപുരം, കൽപ്പാത്തി, പാലക്കാട്.
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, പാലക്കാട്.
റവന്യൂ ഡിവിഷണൽ ഓഫീസർ, പാലക്കാട്.
പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ, പാലക്കാട്.
ഡോ.പി.ഒ.നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവ്വകലാശാല, തൃശ്ശൂർ.
ഡോ.അനു.ജി.കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഹോർട്ടികൾച്ചർ, റീജയണൽ അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ (25), കുമരകം, കോട്ടയം.
അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ, കൃഷി ഭവൻ, പാലക്കാട് മുൻസിപ്പാലിറ്റി.
വില്ലേജ് ഓഫീസർ, പാലക്കാട് വില്ലേജ് II, പാലക്കാട്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി [ഫയൽ നം.AGRI-NCA2/121/2023-AGRI]

ഉത്തരവിൻ പ്രകാരം

Signed by
Archana.b.p
Date: 26-06-2023 15:43:36
സെക്ഷൻ ഓഫീസർ

പകർപ്പ്: കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്.
കാർഷികോൽപ്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - പാലക്കാട് ജില്ലയിൽ ലക്കിടി പേരൂർ 2 വില്ലേജിൽ ഞാവലിൻകടവ് പാലം എലിവേറ്റഡ് സ്ട്രക്ചർ ആയി നിർമ്മിക്കുന്നതിനാവശ്യമായി വരുന്ന 90 സെന്റ് നിലം പൊതു ആവശ്യം എന്ന മാനദണ്ഡത്തിൽ ഉൾപ്പെടുത്തി പരിവർത്തനപ്പെടുത്തുന്നതിന് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻ.സി.എ) വകുപ്പ്**

**സ.ഉ.(കൈ) നം.68/2023/AGRI തീയതി,തിരുവനന്തപുരം, 31-07-2023**

---

പരാമർശം:- (1) എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, നിരത്ത് വിഭാഗം, പാലക്കാട് സമർപ്പിച്ച അപേക്ഷ ഉള്ളടക്കം ചെയ്ത ലക്കിടി പേരൂർ കൃഷി ഓഫീസറുടെ 18.01.2020-ലെ എൽ.കെ.പി-23/2019-20 നമ്പർ കത്ത്.

(2) 16.07.2021-ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

(3) 20.10.2021-ലെ AGRI-NCA2/72/2020-AGRI നമ്പർ സർക്കാർ കത്ത്.

(4) പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 29.2.2023-ലെ CEPWD/524/2022-AB3-BR നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

പാലക്കാട് ജില്ലയിൽ ലക്കിടി പേരൂർ 2 വില്ലേജിൽ ഞാവലിൻകടവ് പാലം എലിവേറ്റഡ് സ്ട്രക്ചർ ആയി നിർമ്മിക്കുന്നതിനാവശ്യമായി വരുന്ന 196.46 സെന്റ് നിലം പരിവർത്തനപ്പെടുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ്, പാലക്കാട് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് (8) പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി പരിശോധിക്കുകയും, കാർഷിക, പരിസ്ഥിതി, ജലവിഭവ മാനേജ്മെന്റ്, പക്ഷി ആവാസവ്യവസ്ഥ എന്നിവയ്ക്കുള്ള ഹാനി കാരണങ്ങളാൽ നിർദ്ദിഷ്ട പരിവർത്തനം ആശാസ്യമല്ല എന്ന് സമിതി നിരീക്ഷിച്ചതിനാൽ അപേക്ഷയിലെ ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന സമിതിയുടെ തീരുമാനം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.

2. സംസ്ഥാനതല സമിതിയുടെ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒറ്റപ്പാലം താലൂക്കിൽ ലക്കിടി പേരൂർ-2 വില്ലേജിൽ 196.46 സെന്റ് കൃഷി ഭൂമി സ്ഥലപരിവർത്തനത്തിനുള്ള അപേക്ഷ പരാമർശം (3) പ്രകാരം സർക്കാർ നിരസിച്ചിരുന്നു. എന്നാൽ ഒറ്റപ്പാലം താലൂക്കിൽ ലക്കിടി പേരൂർ-2 വില്ലേജിൽ പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ കൃഷി ഭൂമിയുടെ

നിലം പരിവർത്തനത്തിനുള്ള അനുമതി ലഭ്യമാക്കുന്നതിനുള്ള ആവശ്യകത സംബന്ധിച്ച് പരാമർശം (4) പ്രകാരം പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പ്രവൃത്തികളുടെ ഭരണാനുമതി ലഭ്യമാക്കുന്നതിന് മുമ്പ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കണമെന്ന് ധനകാര്യ വകുപ്പിന്റെ നിർദ്ദേശം നിലവിലുണ്ടെന്നും ഭൂമിയുടെ നിലം പരിവർത്തനത്തിനുള്ള അനുമതി ലഭ്യമാക്കുന്നതിന് e-pmg portal-ൽ പദ്ധതിയുടെ വിശദവിവരങ്ങൾ അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്നും കൂടാതെ പ്രസ്തുത പാലത്തിന്റെ മറുവശത്ത് അതായത് പെരിങ്ങോട്ടുകുറിശ്ശി-II വില്ലേജിൽ എലിവേറ്റഡ് സ്ട്രക്ചറായി പാലം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് എന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ടു ചെയ്യുകയുണ്ടായി. പാലക്കാട് ജില്ലയിൽ ഭാരതപ്പുഴയ്ക്ക് കുറുകെ ഞാവലിൻകടവ് പാലവും റെയിൽവെ മേൽപ്പാലവും കൂടിയുള്ള പാലം എലിവേറ്റഡ് സ്ട്രക്ചറായി നിർമ്മിക്കുന്നതിന് റ്റി.ജി.ഡി (ടെക്നിക്കൽ ഗൈഡൻസ് ഡോക്യുമെന്റ്) ലഭ്യമായിട്ടുണ്ടെന്നും ഒറ്റപ്പാലം താലൂക്കിൽ ലക്കിടി പേരൂർ-2 വില്ലേജിൽ പ്രസ്തുത പാലം എലിവേറ്റഡ് സ്ട്രക്ചർ ആയി നിർമ്മിക്കുന്നതിന് ആവശ്യമായ പരമാവധി കുറഞ്ഞ അളവിലുള്ള നിലം 196.46 സെന്റ് കൃഷി ഭൂമി പാലത്തിന്റെ പണി നടക്കുന്ന സമയത്ത് പ്രവൃത്തി ചെയ്യുന്നതിനുള്ള സ്പേസ് ആവശ്യമാണെങ്കിലും എലിവേറ്റഡ് സ്ട്രക്ചർ ആയി നിർമ്മാണം പൂർത്തിയായി കഴിയുമ്പോൾ പാലം തുടങ്ങുന്ന ലാന്റ് സ്പാൻ, പില്ലർ ഫൂട്ടിംഗ് എന്നിവയ്ക്ക് ആവശ്യമായ ഉദ്ദേശം 90 സെന്റ് ഒഴികെയുള്ള ഭൂമി കൃഷി ആവശ്യത്തിന് ഉപയോഗിക്കാൻ കഴിയുന്നതാണെന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിൽ ലക്കിടി പേരൂർ 2 വില്ലേജിൽ ഞാവലിൻകടവ് പാലം എലിവേറ്റഡ് സ്ട്രക്ചർ ആയി നിർമ്മിക്കുന്നതിനാവശ്യമായി വരുന്ന 90 സെന്റ് നിലം സംസ്ഥാന തല സമിതി പരാമർശിച്ച പ്രയാസങ്ങൾ മറികടക്കാനായി ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി പരിവർത്തനപ്പെടുത്തുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു:

( എ) നെൽവയലായിട്ടുള്ള ഭൂമിയിൽ പാലം/അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവർത്തനം പൂർണ്ണമായും തൂണുകളും ഡക്ക് സ്ലാബ് ഉപയോഗിച്ചും മാത്രം ആയിരിക്കേണ്ടതാണ്.

(ബി) പാലം / അപ്രോച്ച് റോഡിന്റെ തൂണുകളുടെ നിർമ്മാണത്തിനാവശ്യമായ അടിത്തറ വേണ്ട പ്രദേശത്ത് മാത്രമേ തരം മാറ്റം അനുവദിക്കുകയുള്ളൂ.

(സി) കാർഷിക യന്ത്രസാമഗ്രികൾ സ്വതന്ത്രമായി കടന്നു പോകുന്നതിനുള്ള വേണ്ടത്ര വെർട്ടിക്കൽ ക്ലിയറൻസ് പാലം/അപ്രോച്ച് റോഡിന്റെ വിന്യാസത്തിലുടനീളം ഉണ്ടാകേണ്ടതാണ്.

(ഡി) തണ്ണീർത്തട സംരക്ഷണ നിയമ വ്യവസ്ഥകൾ പ്രകാരം അനുശാസിക്കുന്ന മറ്റു നിബന്ധനകൾ പൂർണ്ണമായും പാലിക്കേണ്ടതാണ്.

4. പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്നുള്ളത് പാലക്കാട് ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.ബി.അശോക്.ഐ.എ.എസ്
PRINCIPAL SECRETARY & APC

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, പാലങ്ങൾ വിഭാഗം, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, നിരത്തു വിഭാഗം, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, നിരത്തു വിഭാഗം, പാലക്കാട്.

ലാന്റ് റവന്യൂ കമ്മിഷണർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, പാലക്കാട്.

ഡോ.പി.ഒ.നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവകലാശാല, തൃശ്ശൂർ.

ഡോ.അനു.ജി.കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഹോർട്ടികൾച്ചർ, റീജിയണൽ അഗ്രികൾച്ചർ റിസർച്ച് സ്റ്റേഷൻ (RARS), കുമരകം, കോട്ടയം.

പ്രിൻസിപ്പൽ കൃഷി ഓഫീസർ, പാലക്കാട്.

കൃഷി ഓഫീസർ, ലക്കിടി പേരൂർ കൃഷി ഭവൻ, പാലക്കാട്.

വില്ലേജ് ഓഫീസർ, ലക്കിടി പേരൂർ, പാലക്കാട്.

പൊതുഭരണ (എസ്.സി) വകുപ്പ് [26.07.2023 ലെ മന്ത്രിസഭാ യോഗ തീരുമാനം ഇനം.നമ്പർ. 1670]

വിവര പൊതുജന സമ്പർക്ക വകുപ്പ് [പ്രസിദ്ധീകരണത്തിന്]

കരുതൽ ഫയൽ / ഓഫീസ് കോപ്പി [ഫയൽ. നം.AGRI-NCA2/72/2020-AGRI]

ഉത്തരവിൻ പ്രകാരം
Signed by
Archana.b.p
Date: 01-08-2023 16:18:46

നിയമം 3-ാം വകുപ്പ് ലംഘിക്കുന്നതാണെന്നുമുള്ള വെള്ളിനേഴി കൃഷി ഓഫീസറുടെ റിപ്പോർട്ട് പരിഗണിച്ച്, പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്ക് വെള്ളിനേഴി വില്ലേജിൽ ബ്ലോക്ക് 63ൽ സർവ്വേ നമ്പർ 46/3, 46/15 എന്നിവയിൽപ്പെട്ട 11.81 സെന്റ് (04.78 ആർസ്) നിലം ഭൂമി വടക്കൻ വെള്ളിനേഴി മാളിയേക്കൽ കോളനി ചാമക്കുന്ന് റോഡ് നിർമ്മിക്കുന്നതിലേയ്ക്കായി പരിവർത്തനപ്പെടുത്തുന്നതിന് വെള്ളിനേഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച പരാമർശം (1) അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബാലഗോപാൽ കെ കെ

അഡിഷണൽ സെക്രട്ടറി

1. സെക്രട്ടറി, വെള്ളിനേഴി ഗ്രാമപഞ്ചായത്ത്, കളക്കാട് പി.ഒ,
   പാലക്കാട്-679503
2. ലാന്റ് റവന്യൂ കമ്മിഷണർ, തിരുവനന്തപുരം
3. ജില്ലാ കളക്ടർ, പാലക്കാട്.
4. പ്രിൻസിപ്പൽ കൃഷി ഓഫീസർ, മലപ്പുറം.
5. ഡോ.പി.ഒ.നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവകലാശാല, തൃശ്ശൂർ.
6. ഡോ.അനു.ജി.കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഹോർട്ടികൾച്ചർ, റീജിയണൽ അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ (25) കുമരകം, കോട്ടയം.
7. കൃഷി ഓഫീസർ, വെള്ളിനേഴി കൃഷി ഓഫീസ്, പാലക്കാട്.
8. വില്ലേജ് ഓഫീസർ, വെള്ളിനേഴി, പാലക്കാട്.
9. വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്).
10. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Archana B P

Date: 02-07-2024 11:16:46

സെക്ഷൻ ഓഫീസർ

പകർപ്പ്:

1.കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്.

2. കാർഷികോൽപ്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

File No.AGRI-NCA2/86/2018-AGRI

G.O.(Ms)No.83/2018/AGRI



**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് – കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 – സംസ്ഥാനതല സമിതി – പാലക്കാട് ജില്ലയിൽ കൊടുമ്പ് വില്ലേജിൽ ബ്ലോക്ക് നം.46 റീ.സർവ്വേ നം.216/4, 217/9, 216/5 – ൽ ഉൾപ്പെട്ട .2985 ഹെക്ടർ സ്ഥലം കൊച്ചി സേലം LPG (ലിക്വിഫൈഡ് പെട്രോളിയം ഗ്യാസ്) പൈപ്പ് ലൈൻ പ്രോജക്റ്റിന്റെ ആവശ്യത്തിനായി Sectionlizing valve station നിർമ്മിക്കുന്നതിനായി കൊച്ചി – സേലം പൈപ്പ് ലൈൻ പ്രൈവറ്റ് ലിമിറ്റഡ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ BPCL കൊച്ചി സമർപ്പിച്ച അപേക്ഷ – അനുമതി നൽകി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻസിഎ)വകുപ്പ്**

സ.ഉ (എം.എസ്)നം......../2018/കൃഷി തീയതി, തിരുവനന്തപുരം,

---

പരാമർശം:-

1. കൊച്ചി- സേലം പൈപ്പ് ലൈൻ പ്രൈവറ്റ് ലിമിറ്റഡ് (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ) BPCL- കൊച്ചി പ്രാദേശികതല നിരീക്ഷണ സമിതി മുമ്പാകെ സമർപ്പിച്ച അപേക്ഷ.
2. കൊടുമ്പ് കൃഷി ഓഫീസറുടെ 28/3/2018- തീയതിയിലെ KDB-23/17-18 നമ്പർ കത്ത്.
3. 17/5/2018-ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

**ഉത്തരവ്**

പാലക്കാട് ജില്ലയിൽ കൊടുമ്പ് വില്ലേജിൽ ബ്ലോക്ക് നം.46-ൽ റീ.സർവ്വേ നം.216/4,217/9,216/5-ൽ ഉൾപ്പെട്ട .2985 ഹെക്ടർ സ്ഥലം കൊച്ചി സേലം LPG ( ലിക്വിഫൈഡ് പെട്രോളിയം ഗ്യാസ്) പൈപ്പ് ലൈൻ പ്രോജക്റ്റിന്റെ ആവശ്യത്തിനായി Sectionlizing valve station നിർമ്മിക്കുന്നതിനായി പരിവർത്തനാനുമതിയ്ക്ക് വേണ്ടി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ, പരാമർശം (2) പ്രകാരം കൊടുമ്പ് കൃഷി ഓഫീസർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷ 17/05/2018 – തീയതിയിൽ ചേർന്ന സംസ്ഥാനതല സമിതി യോഗത്തിൽ പരിശോധിക്കുകയും ചുവടെ പ്രകാരം റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.

'പ്രസ്തുത സ്ഥലം നിലവിൽ പറമ്പായി കിടക്കുന്നതും ചുറ്റും നെൽകൃഷിയെ ബാധിക്കുന്നില്ലെന്നും കൃഷി ഓഫീസർ റിപ്പോർട്ടു ചെയ്തു. പ്രസ്തുത സ്ഥലം പാലക്കാട് ചിറ്റൂർ PWD റോഡിനോട് ചേർന്നു കിടക്കുന്ന ഭൂമിയാണ് എന്ന അപേക്ഷയിൽ നിന്നും വ്യക്തമായിട്ടുണ്ട്. പ്രസ്തുത സ്ഥലം പരിവർത്തനപ്പെടുത്തുന്നതു കൊണ്ട് പാരിസ്ഥിതിക വ്യതിയാനങ്ങൾ ഒന്നും സംഭവിക്കാൻ സാധ്യത ഇല്ലാത്തതിനാൽ ആവശ്യമായ ജല നിർഗ്ഗമന ചാലുകൾ നിർമ്മിച്ച് അപേക്ഷയിലെ ആവശ്യം അംഗീകരിക്കാമെന്നു തീരുമാനിച്ചു'.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസ്തുത പരിവർത്തനംമൂലം പാരിസ്ഥിതിക വ്യവസ്ഥയെ ദോഷകരമായി ബാധിക്കാത്തതിനാലും പകരം മറ്റു സ്ഥലം ലഭ്യമല്ല എന്ന് ബോധ്യപ്പെട്ടതിനാലും,

പരിവർത്തനാനുമതിക്ക് വേണ്ടി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പൊതു ആവശ്യമായതിനാലും പാലക്കാട് ജില്ലയിൽ കൊടുമ്പ് വില്ലേജിൽ ബ്ലോക്ക് നം.46– റീ.സർവ്വേ നം.216/4, 217/9, 216/5 – ൽ ഉൾപ്പെട്ട . 2985 ഹെക്ടർ സ്ഥലം കൊച്ചി സേലം LPG (ലിക്വിഫൈഡ് പെട്രോളിയം ഗ്യാസ്) പൈപ്പ് ലൈൻ പ്രോജക്റ്റിന്റെ ആവശ്യത്തിനായി Sectionlizing valve station നിർമ്മിക്കുന്നതിനായി നിലം പരിവർത്തനം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൊച്ചി – സേലം പൈപ്പ് ലൈൻ പ്രൈവറ്റ് ലിമിറ്റഡ് BPCL, കൊച്ചി ,
റിഫൈനറി സിറ്റി ഓഫീസ്, കുണ്ടന്നൂർ , മരട് പോസ്റ്റ് , എറണാകുളം ജില്ല.
ജില്ലാ കളക്ടർ, പാലക്കാട് .
പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ, പാലക്കാട്.
കൃഷി ഓഫീസർ, കൃഷി ഭവൻ, കൊടുമ്പ്, പാലക്കാട്.
വില്ലേജ് ഓഫീസർ, കൊടുമ്പ്, പാലക്കാട്.
വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

കൃഷി വകുപ്പ്- കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 — സംസ്ഥാനതല സമിതി - പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ കൊട്ടുവായൂർ-1 - വില്ലേജിൽ സർവ്വേ നം. 537/1-ൽ ഉൾപ്പെട്ട 40 സെന്റ് നിലം പൊതുആവശ്യത്തിനായി നികത്തി വൃദ്ധ- വികലാംഗരെ സംരക്ഷിക്കുന്നതിന് കെട്ടിടം നിർമ്മിക്കുന്നതിന് കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ- അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (എൻസിഎ) വകുപ്പ്

സ.ഉ.(കൈ) നം.39/2023/AGRI തീയതി,തിരുവനന്തപുരം, 04-05-2023

---

പരാമർശം:-

1. 17/10/2013 തീയതിയിലെ ജി.ഒ(ആർ.ടി) നം516/2013/എസ്ജെഡി നമ്പർ ഉത്തരവ്
2. കൊട്ടുവായൂർ കൃഷിഓഫീസർ സമർപ്പിച്ച കത്തും അതിൽ ഉള്ളടക്കം ചെയ്ത കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച 25/08/2021 തീയതിയിലെ അപേക്ഷയും
3. 13/12/2022 തീയതിയിലെ കൊട്ടുവായൂർ കൃഷി ഓഫീസറുടെ KDR4/21-23 നം. റിപ്പോർട്ട്.
4. 20/03/2023 - തീയതിയിലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.
5. കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 27/03/2023 തീയതിയിലെ സി-125/2023 നം.കത്ത് .

## ഉത്തരവ്

പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ കൊട്ടുവായൂർ-1 - വില്ലേജിൽ സർവ്വേ നം. 537/1-ൽ ഉൾപ്പെട്ട 40 സെന്റ് നിലം വൃദ്ധ- വികലാംഗരെ സംരക്ഷിക്കുന്നതിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി നിലം പരിവർത്തനപ്പെടുത്താൻ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം ലഭിക്കുകയുണ്ടായി.

2. 03.02.2022-ൽ കൂടിയ സംസ്ഥാനതല സമിതി, ടി അപേക്ഷ പരിശോധിക്കുകയും കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ കൈവശത്തിലുള്ള കൊട്ടുവായൂർ വില്ലേജ് ബ്ലോക്ക് 1-ൽ റീസർവ്വേ 537/1-ൽ ഉൾപ്പെട്ട 0.1214 ഹെക്ടർ നിലം വഹകളിൽ തെക്കു ഭാഗം റോഡും ഇരുവശത്തും വീട്ടുകളുമാണ് എന്ന് റിപ്പോർട്ടു ചെയ്തിരുന്നു. വൃദ്ധസദനത്തിനായി 40 സെന്റ് തരിശായി കിടക്കുന്ന നിലം 25 വർഷത്തോളമായി നെൽകൃഷി ചെയ്യാത്തതിനാലും ചുറ്റും വീട്ടുകൾ ഉള്ളതിനാലും പരിവർത്തനാനുമതി നൽകാവുന്നതാണ് എന്ന പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശിപാർശയിന്മേൽ കൃഷി ഓഫീസറോട് റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത സ്ഥലം 25 വർഷത്തോളമായി തരിശ്ശായി കിടക്കുന്നതും കൃഷിയോഗ്യമല്ലാത്തതുമായ സ്ഥലമാണ് എന്നും പ്രസ്തുത സ്ഥലത്തിന്റെ ഇരു ഭാഗങ്ങളിലും വർഷങ്ങൾ പഴക്കമുള്ള കെട്ടിടവും ഒരു ഭാഗം റോഡും പുറകിൽ കൃഷിയോഗ്യമല്ലാത്ത തരിശുമാണെന്ന് കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 20.03.2022 കൂടിയ സംസ്ഥാനതല സമിതിയിൽ ടി വിഷയം വീണ്ടും പരിശോധിക്കുകയും, താഴെ പറയും പ്രകാരം റിപ്പോർട്ടു ചെയ്യുകയുമുണ്ടായി.

''പാലക്കാട് ജില്ലയിൽ കൊട്ടുവായൂർ - I വില്ലേജിൽ വൃദ്ധ - വികലാംഗരെ സംരക്ഷിക്കുന്നതിന് കെട്ടിടം നിർമ്മിക്കുന്നതിന് കൊട്ടുവായൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ പരിശോധിച്ചു. കൊല്ലംകോട് ബ്ലോക്ക് സെക്രട്ടറിയുടെ കൈവശത്തിലുള്ള കൊട്ടുവായൂർ വില്ലേജ് ബ്ലോക്ക് 1-ൽ റീസർവ്വേ നം.537/1-ൽ ഉൾപ്പെട്ട 0.1214 ഹെക്ടർ നിലം വഹകളിൽ തെക്കു ഭാഗം റോഡും ഇരുവശത്തും വീട്ടുകളുമാണ്. വൃദ്ധ സദനത്തിനായി 40 സെന്റ് തരിശായി കിടക്കുന്ന നിലം 25 വർഷത്തോളമായി നെൽകൃഷി ചെയ്യാത്തതിനാലും ചുറ്റും വീട്ടുകൾ ഉള്ളതിനാലും പരിവർത്തനാനുമതി നൽകാവുന്നതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വൃദ്ധസദനം പ്രവർത്തിക്കുന്നുണ്ടോ എന്ന് സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും ഉറപ്പുവരുത്തി മാത്രമേ പരിവർത്തനാനുമതി നൽകാവൂ എന്നുള്ള സമിതിയുടെ ശുപാർശ സർക്കാരിലേക്കു റിപ്പോർട്ടു ചെയ്യാൻ തീരുമാനിച്ചു.''

3. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 10(2) പ്രകാരം റിപ്പോർട്ട് വിശദമായി പരിശോധിച്ചു പ്രസ്തുത സ്ഥലം പരിവർത്തനപ്പെടുത്തുന്നതുകൊണ്ടും ഈ പ്രദേശത്തെ പാരിസ്ഥിതിക വ്യവസ്ഥയെ ദോഷകരമായി ബാധിക്കുകയില്ല എന്ന് ബോധ്യപ്പെട്ടതിനാലും കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ വൃദ്ധസദനം പ്രവർത്തിക്കുന്നതിന് സാമൂഹിക നീതി വകുപ്പ്

ഭരണാനുമതി നല്കിയിട്ടുള്ളതിനാലും, പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ കൊടുവായൂർ-1 - വില്ലേജിൽ സർവ്വേ നം. 537/1-ൽ ഉൾപ്പെട്ട 40 സെന്റ് നിലം വൃദ്ധ- വികലാംഗരെ സംരക്ഷിക്കുന്നതിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി നിലം പരിവർത്തനപ്പെടുത്താൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എസ് സാബിർ ഹുസൈൻ

അഡിഷണൽ സെക്രട്ടറി

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, കൊല്ലംകോട്, പാലക്കാട് ജില്ല

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, പാലക്കാട്

ഡോ. പി.ഒ. നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവ്വകലാശാല, തൃശ്ശൂർ-680656. nameer.po@kau.in

ഡോ.അനു.ജി.കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഹോർട്ടികൾച്ചർ, റീജയണൽ അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ (RARS), കുമരകം, കോട്ടയം

പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ, പാലക്കാട്

കൃഷി ഓഫീസർ, കൃഷി ഭവൻ, കൊടുവായൂർ

വില്ലേജ് ഓഫീസർ , കൊടുവായൂർ-1 വില്ലേജ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Vineeshkumar
Date: 06-05-2023 14:54:11

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - കളിസ്ഥലം നവീകരിക്കുന്നതിനും ക്ലാസ്സുമുറികൾ നിർമ്മിക്കുന്നതിനും പാലക്കാട് കുമരപുരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ സമർപ്പിച്ച അപേക്ഷ - നിലം പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

കൃഷി (എൻസിഎ) വകുപ്പ്

സ.ഉ.(കൈ) നം.57/2023/AGRI തീയതി,തിരുവനന്തപുരം, 24-06-2023

പരാമർശം:- 1. കുമരപുരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ സമർപ്പിച്ച അപേക്ഷകൾ ഉള്ളടക്കം ചെയ്ത 24.03.2023-ലെ പാലക്കാട് മുൻസിപ്പാലിറ്റി അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസറുടെ KBPKD-41/2022-23(1) & KBPKD-41/2022-23(2) നമ്പർ കത്തുകൾ.

2. 27/04/2023-ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

<u>ഉത്തരവ്</u>

പാലക്കാട് ജില്ലയിൽ പാലക്കാട് II വില്ലേജിൽ സർവ്വേ നം.2899-ൽ ഉൾപ്പെട്ട 0.3472 ഹെക്ടർ സ്ഥലം പരിവർത്തനപ്പെടുത്തി കളിസ്ഥലം നവീകരിക്കുന്നതിനും, പാലക്കാട് II വില്ലേജിൽ സർവ്വേ നം.2896-ൽ ഉൾപ്പെട്ട 30 സെന്റ് സ്ഥലം പരിവർത്തനപ്പെടുത്തി ക്ലാസ്സുമുറികൾ നിർമ്മിക്കുന്നതിനുമായി പാലക്കാട് കുമരപുരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ സമർപ്പിച്ച അപേക്ഷ പാലക്കാട് മുൻസിപ്പാലിറ്റി അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ പരാമർശം (1) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് (8) പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി 27/04/2023-ൽ കൂടിയ യോഗത്തിൽ പരിശോധിച്ച്, താഴെപ്പറയും പ്രകാരം തീരുമാനം കൈക്കൊള്ളുകയും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി:

"പാലക്കാട് ജില്ലയിൽ പാലക്കാട് 2 വില്ലേജിൽ സർവ്വേ നം.2899-ൽ ഉൾപ്പെട്ട 0.3472 ഹെക്ടർ സ്ഥലം സ്കൂളിലെ കളിസ്ഥലം നവീകരിക്കുന്നതിന് നിലം പരിവർത്തനപ്പെടുത്തുന്നത് 'പൊതുആവശ്യം' ആയതിനാലും പരിവർത്തനപ്പെടുത്തുന്നതുമൂലം സമീപത്തെ നീരൊഴുക്കിനെ തടസ്സപ്പെടാത്ത രീതിയിൽ മുൻകരുതലുകൾ കൈക്കൊള്ളണമെന്നുള്ള വ്യവസ്ഥയിൽ അപേക്ഷയിലെ ആവശ്യം അംഗീകരിക്കാമെന്നുള്ള സമിതിയുടെ തീരുമാനം സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യാൻ തീരുമാനിച്ചു."

"പാലക്കാട് 2 വില്ലേജിൽ സർവ്വേ നം.2896-ൽ ഉൾപ്പെട്ട 30 സെന്റ് സ്ഥലം പരിവർത്തനപ്പെടുത്തി ക്ലാസ്സുമുറികൾ നിർമ്മിക്കുന്നത് 'പൊതുആവശ്യം' ആയതിനാലും പരിവർത്തനപ്പെടുത്തുന്നതുമൂലം സമീപത്തെ നീരൊഴുക്കിനെ തടസ്സപ്പെടാത്ത രീതിയിൽ

മുൻകരുതലുകൾ കൈക്കൊള്ളണമെന്നുള്ള വ്യവസ്ഥയിൽ അപേക്ഷയിലെ ആവശ്യം അംഗീകരിക്കാമെന്നുള്ള സമിതിയുടെ തീരുമാനം സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യാൻ തീരുമാനിച്ചു."

2. സംസ്ഥാനതല സമിതിയുടെ മേൽ റിപ്പോർട്ട് 2008-കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 10(2) പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു. പ്രസ്തുത അപേക്ഷകളിൽ സൂചിപ്പിച്ച ഭൂമിയുടെ സമീപത്ത് നെൽവയലുകൾ ഇല്ലാത്തതിനാൽ പാരിസ്ഥിതിക സ്വഭാവത്തിന് മാറ്റം ഉണ്ടാവുന്നില്ല എന്ന് ബോദ്ധ്യപ്പെട്ടു. പ്രസ്തുത അപേക്ഷയിലെ ആവശ്യം 'പൊതുആവശ്യം' ആയതിനാലും പരിവർത്തനപ്പെടുത്തുന്നത് സമീപത്തെ നീരൊഴുക്കിനെ തടസ്സപ്പെടാത്ത രീതിയിൽ മുൻകരുതലുകൾ കൈക്കൊള്ളണമെന്നുമുള്ള വ്യവസ്ഥയിൽ പാലക്കാട് II വില്ലേജിൽ 2899-ൽ ഉൾപ്പെട്ട 0.3472 ഹെക്ടർ സ്ഥലം പാലക്കാട് കുമരപുരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ കളിസ്ഥലം നവീകരിക്കുന്നതിനും, പാലക്കാട് II വില്ലേജിൽ സർവ്വേ നം. 2896-ൽ ഉൾപ്പെട്ട 3 0 സെന്റ് സ്ഥലം പരിവർത്തനപ്പെടുത്തി ക്ലാസ്സ്മുറികൾ നിർമ്മിക്കുന്നതിനും പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് സാബിർ ഹുസൈൻ
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ, ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, അംബികാപുരം.പി.ഒ, കുമരപുരം, കൽപ്പാത്തി, പാലക്കാട്.
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, പാലക്കാട്.
റവന്യൂ ഡിവിഷണൽ ഓഫീസർ, പാലക്കാട്.
പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ, പാലക്കാട്.
ഡോ.പി.ഒ.നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവ്വകലാശാല, തൃശ്ശൂർ.
ഡോ.അനു.ജി.കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഹോർട്ടികൾച്ചർ, റീജയണൽ അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ (25), കുമരകം, കോട്ടയം.
അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ, കൃഷി ഭവൻ, പാലക്കാട് മുൻസിപ്പാലിറ്റി.
വില്ലേജ് ഓഫീസർ, പാലക്കാട് വില്ലേജ് II, പാലക്കാട്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി [ഫയൽ നം.AGRI-NCA2/121/2023-AGRI]

ഉത്തരവിൻ പ്രകാരം
Signed by
Archana.b.p
Date: 26-06-2023 15:43:36
സെക്ഷൻ ഓഫീസർ

പകർപ്പ്: കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്.
കാർഷികോൽപ്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - പാലക്കാട് ജില്ലയിൽ ലക്കിടി പേരൂർ 2 വില്ലേജിൽ ഞാവലിൻകടവ് പാലം എലിവേറ്റഡ് സ്ട്രക്ചർ ആയി നിർമ്മിക്കുന്നതിനാവശ്യമായി വരുന്ന 90 സെന്റ് നിലം പൊതു ആവശ്യം എന്ന മാനദണ്ഡത്തിൽ ഉൾപ്പെടുത്തി പരിവർത്തനപ്പെടുത്തുന്നതിന് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻ.സി.എ) വകുപ്പ്**

**സ.ഉ.(കൈ) നം.68/2023/AGRI തീയതി,തിരുവനന്തപുരം, 31-07-2023**

---

പരാമർശം:- (1) എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, നിരത്ത് വിഭാഗം, പാലക്കാട് സമർപ്പിച്ച അപേക്ഷ ഉള്ളടക്കം ചെയ്ത ലക്കിടി പേരൂർ കൃഷി ഓഫീസറുടെ 18.01.2020-ലെ എൽ.കെ.പി-23/2019-20 നമ്പർ കത്ത്.

(2) 16.07.2021-ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

(3) 20.10.2021-ലെ AGRI-NCA2/72/2020-AGRI നമ്പർ സർക്കാർ കത്ത്.

(4) പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 29.2.2023-ലെ CEPWD/524/2022-AB3-BR നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

പാലക്കാട് ജില്ലയിൽ ലക്കിടി പേരൂർ 2 വില്ലേജിൽ ഞാവലിൻകടവ് പാലം എലിവേറ്റഡ് സ്ട്രക്ചർ ആയി നിർമ്മിക്കുന്നതിനാവശ്യമായി വരുന്ന 196.46 സെന്റ് നിലം പരിവർത്തനപ്പെടുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ്, പാലക്കാട് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് (8) പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി പരിശോധിക്കുകയും, കാർഷിക, പരിസ്ഥിതി, ജലവിഭവ മാനേജ്മെന്റ്, പക്ഷി ആവാസവ്യവസ്ഥ എന്നിവയ്ക്കുള്ള ഹാനി കാരണങ്ങളാൽ നിർദ്ദിഷ്ട പരിവർത്തനം ആശാസ്യമല്ല എന്ന് സമിതി നിരീക്ഷിച്ചതിനാൽ അപേക്ഷയിലെ ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന സമിതിയുടെ തീരുമാനം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.

2. സംസ്ഥാനതല സമിതിയുടെ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒറ്റപ്പാലം താലൂക്കിൽ ലക്കിടി പേരൂർ-2 വില്ലേജിൽ 196.46 സെന്റ് കൃഷി ഭൂമി സ്ഥലപരിവർത്തനത്തിനുള്ള അപേക്ഷ പരാമർശം (3) പ്രകാരം സർക്കാർ നിരസിച്ചിരുന്നു. എന്നാൽ ഒറ്റപ്പാലം താലൂക്കിൽ ലക്കിടി പേരൂർ-2 വില്ലേജിൽ പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ കൃഷി ഭൂമിയുടെ

നിലം പരിവർത്തനത്തിനുള്ള അനുമതി ലഭ്യമാക്കുന്നതിനുള്ള ആവശ്യകത സംബന്ധിച്ച് പരാമർശം (4) പ്രകാരം പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പ്രവൃത്തികളുടെ ഭരണാനുമതി ലഭ്യമാക്കുന്നതിന് മുമ്പ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കണമെന്ന് ധനകാര്യ വകുപ്പിന്റെ നിർദ്ദേശം നിലവിലുണ്ടെന്നും ഭൂമിയുടെ നിലം പരിവർത്തനത്തിനുള്ള അനുമതി ലഭ്യമാക്കുന്നതിന് e-pmg portal-ൽ പദ്ധതിയുടെ വിശദവിവരങ്ങൾ അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്നും കൂടാതെ പ്രസ്തുത പാലത്തിന്റെ മറുവശത്ത് അതായത് പെരിങ്ങോട്ടുകുറിശ്ശി-II വില്ലേജിൽ എലിവേറ്റഡ് സ്ട്രക്ചറായി പാലം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് എന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ടു ചെയ്യുകയുണ്ടായി. പാലക്കാട് ജില്ലയിൽ ഭാരതപ്പുഴയ്ക്ക് കുറുകെ ഞാവലിൻകടവ് പാലവും റെയിൽവെ മേൽപ്പാലവും കൂടിയുള്ള പാലം എലിവേറ്റഡ് സ്ട്രക്ചറായി നിർമ്മിക്കുന്നതിന് റ്റി.ജി.ഡി (ടെക്നിക്കൽ ഗൈഡൻസ് ഡോക്യുമെന്റ്) ലഭ്യമായിട്ടുണ്ടെന്നും ഒറ്റപ്പാലം താലൂക്കിൽ ലക്കിടി പേരൂർ-2 വില്ലേജിൽ പ്രസ്തുത പാലം എലിവേറ്റഡ് സ്ട്രക്ചർ ആയി നിർമ്മിക്കുന്നതിന് ആവശ്യമായ പരമാവധി കുറഞ്ഞ അളവിലുള്ള നിലം 196.46 സെന്റ് കൃഷി ഭൂമി പാലത്തിന്റെ പണി നടക്കുന്ന സമയത്ത് പ്രവൃത്തി ചെയ്യുന്നതിനുള്ള സ്പേസ് ആവശ്യമാണെങ്കിലും എലിവേറ്റഡ് സ്ട്രക്ചർ ആയി നിർമ്മാണം പൂർത്തിയായി കഴിയുമ്പോൾ പാലം തുടങ്ങുന്ന ലാന്റ് സ്പാൻ, പില്ലർ ഫൂട്ടിംഗ് എന്നിവയ്ക്ക് ആവശ്യമായ ഉദ്ദേശം 90 സെന്റ് ഒഴികെയുള്ള ഭൂമി കൃഷി ആവശ്യത്തിന് ഉപയോഗിക്കാൻ കഴിയുന്നതാണെന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിൽ ലക്കിടി പേരൂർ 2 വില്ലേജിൽ ഞാവലിൻകടവ് പാലം എലിവേറ്റഡ് സ്ട്രക്ചർ ആയി നിർമ്മിക്കുന്നതിനാവശ്യമായി വരുന്ന 90 സെന്റ് നിലം സംസ്ഥാന തല സമിതി പരാമർശിച്ച പ്രയാസങ്ങൾ മറികടക്കാനായി ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി പരിവർത്തനപ്പെടുത്തുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു:

( എ) നെൽവയലായിട്ടുള്ള ഭൂമിയിൽ പാലം/അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവർത്തനം പൂർണ്ണമായും തൂണുകളും ഡക്ക് സ്ലാബ് ഉപയോഗിച്ചും മാത്രം ആയിരിക്കേണ്ടതാണ്.

(ബി) പാലം / അപ്രോച്ച് റോഡിന്റെ തൂണുകളുടെ നിർമ്മാണത്തിനാവശ്യമായ അടിത്തറ വേണ്ട പ്രദേശത്ത് മാത്രമേ തരം മാറ്റം അനുവദിക്കുകയുള്ളൂ.

(സി) കാർഷിക യന്ത്രസാമഗ്രികൾ സ്വതന്ത്രമായി കടന്നു പോകുന്നതിനുള്ള വേണ്ടത്ര വെർട്ടിക്കൽ ക്ലിയറൻസ് പാലം/അപ്രോച്ച് റോഡിന്റെ വിന്യാസത്തിലുടനീളം ഉണ്ടാകേണ്ടതാണ്.

(ഡി) തണ്ണീർത്തട സംരക്ഷണ നിയമ വ്യവസ്ഥകൾ പ്രകാരം അനുശാസിക്കുന്ന മറ്റു നിബന്ധനകൾ പൂർണ്ണമായും പാലിക്കേണ്ടതാണ്.

4. പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്നുള്ളത് പാലക്കാട് ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

കെ6 [illegible] No.68/2023/AGRI

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.ബി.അശോക്.ഐ.എ.എസ്

PRINCIPAL SECRETARY & APC

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, പാലങ്ങൾ വിഭാഗം, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, നിരത്തു വിഭാഗം, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, നിരത്തു വിഭാഗം, പാലക്കാട്.

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, പാലക്കാട്.

ഡോ.പി.ഒ.നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവകലാശാല, തൃശ്ശൂർ.

ഡോ.അനു.ജി.കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഹോർട്ടികൾച്ചർ, റീജിയണൽ അഗ്രികൾച്ചർ റിസർച്ച് സ്റ്റേഷൻ (RARS), കുമരകം, കോട്ടയം.

പ്രിൻസിപ്പൽ കൃഷി ഓഫീസർ, പാലക്കാട്.

കൃഷി ഓഫീസർ, ലക്കിടി പേരൂർ കൃഷി ഭവൻ, പാലക്കാട്.

വില്ലേജ് ഓഫീസർ, ലക്കിടി പേരൂർ, പാലക്കാട്.

പൊതുഭരണ (എസ്.സി) വകുപ്പ് [26.07.2023 ലെ മന്ത്രിസഭാ യോഗ തീരുമാനം ഇനം.നമ്പർ. 1670]

വിവര പൊതുജന സമ്പർക്ക വകുപ്പ് [പ്രസിദ്ധീകരണത്തിന്]

കരുതൽ ഫയൽ / ഓഫീസ് കോപ്പി [ഫയൽ. നം.AGRI-NCA2/72/2020-AGRI]

ഉത്തരവിൻ പ്രകാരം

Signed by

Archana.b.p

Date: 31-07-2023 16:18:46

പകർപ്പ്: ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്.

കാർഷികോൽപ്പാദന കമ്മീഷണർ/കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - പൊതു ആവശ്യം - കൊട്ടുവായൂർ ബൈപ്പാസ് നിർമ്മാണം - തേങ്കുറിശ്ശി വില്ലേജിൽ നിലം പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

കൃഷി (എൻ.സി.എ) വകുപ്പ്

സ.ഉ.(കൈ) നം.100/2023/AGRI തീയതി,തിരുവനന്തപുരം, 25-10-2023

പരാമർശം:- (1) റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (ആർ.ബി.ഡി.സി.കെ) മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച അപേക്ഷ ഉള്ളടക്കം ചെയ്ത കൊട്ടുവായൂർ കൃഷി ഓഫീസറുടെ 13.01.2023 & 20.02.2023 തീയ്യതികളിലെ TKY/23/2022-23 നമ്പർ കത്തുകൾ.

(2) 20.03.2023-ലെ സംസ്ഥാനതല സമിതി യോഗം തീരുമാനം.

<u>ഉത്തരവ്</u>

പാലക്കാട് ജില്ലയിലെ തേങ്കുറിശ്ശി-1 വില്ലേജിലെ ബ്ലോക്ക് നം.18-ൽ സർവ്വെ നമ്പർ 639/7, 8-ൽപെട്ട 2.00 ആർസ് നിലം കൊട്ടുവായൂർ ബൈപ്പാസ് നിർമ്മാണത്തിനായി പരിവർത്തനപ്പെടുത്തുന്നതിന് ആർ.ബി.ഡി.സി.കെ മാനേജിംഗ് ഡയറക്ടർ പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 8 പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി 20.03.2023-ൽ കൂടിയ യോഗത്തിൽ പരിശോധിച്ച്, താഴെപ്പറയും പ്രകാരം തീരുമാനം കൈക്കൊള്ളുകയും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി:

"പാലക്കാട് ജില്ലയിൽ തേങ്കുറിശി വില്ലേജിൽ സർവ്വേ നം.639-ൽ ഉൾപ്പെട്ട 2.00 ആർസ് സ്ഥലം നികത്തി കൊട്ടുവായൂർ ബൈപ്പാസ് നിർമ്മാണത്തിനായി മാനേജിംഗ് ഡയറക്ടർ, ആർ.ബി.ഡി.സി.കെ. ലിമിറ്റഡ് സമർപ്പിച്ച അപേക്ഷ സമിതി വിശദമായി പരിശോധിച്ചു. പ്രസ്തുത അപേക്ഷയിലെ ആവശ്യം 'പൊതു ആവശ്യം' ആയതിനാലും പരിവർത്തനപ്പെടുത്തുന്നതു മൂലം സമീപത്തെ നീരൊഴുക്കിനെ തടസ്സപ്പെടാത്ത രീതിയിൽ മുൻകരുതലുകൾ കൈക്കൊള്ളണമെന്നുള്ള വ്യവസ്ഥയിൽ അപേക്ഷയിലെ ആവശ്യം അംഗീകരിക്കാമെന്നുള്ള സമിതിയുടെ തീരുമാനം സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യാൻ തീരുമാനിച്ചു."

2. സംസ്ഥാനതല സമിതിയുടെ മേൽ റിപ്പോർട്ട് 2008-കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 10(2) പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു. ബൈപ്പാസ് നിർമ്മാണം പൊതു ആവശ്യമായതിനാൽ, പാലക്കാട് ജില്ലയിലെ തേങ്കുറിശ്ശി-1 വില്ലേജിലെ ബ്ലോക്ക് നം.18-ൽ സർവ്വെ നമ്പർ 639/7, 8-ൽപെട്ട 2.00 ആർസ് നിലം കൊട്ടുവായൂർ ബൈപ്പാസ് നിർമ്മാണത്തിനായി പരിവർത്തനപ്പെടുത്തുന്നതു മൂലം സമീപത്തെ നീരൊഴുക്കിനെ തടസ്സപ്പെടാത്ത രീതിയിൽ മുൻകരുതലുകൾ കൈക്കൊള്ളണമെന്ന

വ്യവസ്ഥയിൽ പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

V L BEENA

ഡെപ്യൂട്ടി സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, ആർ.ബി.ഡി.സി.കെ ലിമിറ്റഡ്, പ്രീതി ബിൽഡിംഗ്, എം.വി.റോഡ്, പാലാരിവട്ടം, കൊച്ചി.

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, പാലക്കാട്.

റവന്യൂ ഡിവിഷണൽ ഓഫീസർ, പാലക്കാട്.

പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ, പാലക്കാട്.

ഡോ.പി.ഒ.നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവ്വകലാശാല, തൃശ്ശൂർ.

ഡോ.അനു.ജി.കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഹോർട്ടികൾച്ചർ, റീജയണൽ അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ (25), കുമരകം, കോട്ടയം.

കൃഷി ഓഫീസർ, കൃഷി ഭവൻ, തേങ്കുറിശ്ശി, പാലക്കാട്.

വില്ലേജ് ഓഫീസർ, തേങ്കുറിശ്ശി, പാലക്കാട്.

വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്).

കരുതൽ ഫയൽ / ഓഫീസ് കോപ്പി [ഫയൽ നം.AGRI-NCA1/289/2023-AGRI]

ഉത്തരവിൻ പ്രകാരം

Signed by
Archana.b.p
Date: 25-10-2023 21:19:28

സെക്ഷൻ ഓഫീസർ

പകർപ്പ്: കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്.

കാർഷികോൽപ്പാദന കമ്മീഷണർ & കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - പൊതു ആവശ്യം - കൊട്ടുവായൂർ ബൈപ്പാസ് നിർമ്മാണം - കൊട്ടുവായൂർ 1 & 2 വില്ലേജുകളിൽ നിലം പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻ.സി.എ) വകുപ്പ്**

**സ.ഉ.(കൈ) നം.101/2023/AGRI തീയതി,തിരുവനന്തപുരം, 25-10-2023**

---

പരാമർശം:- (1) റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (ആർ.ബി.ഡി.സി.കെ) മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച അപേക്ഷ ഉള്ളടക്കം ചെയ്ത കൊട്ടുവായൂർ കൃഷി ഓഫീസറുടെ 13.01.2023-ലെ KDR 53/2022-23 നമ്പർ കത്ത്.

(2) 20.03.2023-ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

**ഉത്തരവ്**

പാലക്കാട് ജില്ലയിൽ കൊട്ടുവായൂർ 1 വില്ലേജിൽ സർവ്വേ നം.7, 10, 154, 192, 330, 331 ൽപ്പെട്ട യഥാക്രമം 5.90ആർ, 2.10ആർ, 2.30ആർ, 0.20ആർ, 1.20ആർ, 0.60ആർ (ആകെ-11.90ആർ) & കൊട്ടുവായൂർ 2 വില്ലേജിൽ സർവ്വേ നം.59, 317, 319, 323, 324, 378 ൽപ്പെട്ട യഥാക്രമം 1.70ആർ, 4.20ആർ, 0.20ആർ, 1.20ആർ, 6.65ആർ, 8.00ആർ (ആകെ-21.95ആർ) ഉൾപ്പടെ ആകെ 33.85ആർ നിലം കൊട്ടുവായൂർ ബൈപ്പാസ് നിർമ്മാണത്തിനായി പരിവർത്തനപ്പെടുത്തുന്നതിന് ആർ.ബി.ഡി.സി.കെ മാനേജിംഗ് ഡയറക്ടർ പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 8 പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി 20.03.2023-ൽ കൂടിയ യോഗത്തിൽ പരിശോധിച്ച്, താഴെപ്പറയും പ്രകാരം തീരുമാനം കൈക്കൊള്ളുകയും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി:

"പാലക്കാട് ജില്ലയിൽ കൊട്ടുവായൂർ-1, & കൊട്ടുവായൂർ-2 വില്ലേജിൽ (കൊട്ടുവായൂർ-1 വില്ലേജിൽ 7,10,154,192,330,331) (കൊട്ടുവായൂർ 2-വില്ലേജിൽ 59,317,319,323,324,378) കൊട്ടുവായൂർ ബൈപ്പാസ് നിർമ്മാണത്തിനായി മാനേജിംഗ് ഡയറക്ടർ, ആർ.ബി.ഡി.സി.കെ. ലിമിറ്റഡ് സമർപ്പിച്ച അപേക്ഷ സമിതി വിശദമായി പരിശോധിച്ചു. പ്രസ്തുത നിലത്തിന്റെ പരിവർത്തനം ചേർന്നു കിടക്കുന്ന നെല്പാടങ്ങളേയും, നെൽകൃഷിയേയും സ്വാഭാവിക നീരൊഴുക്കിനേയും പ്രതികൂലമായി ബാധിക്കാത്ത തരത്തിൽ പരിവർത്തനാനുമതി അനുവദിക്കാമെന്നുള്ള അപേക്ഷയിലെ ആവശ്യം അംഗീകരിക്കാമെന്നുള്ള സമിതിയുടെ തീരുമാനം സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യാൻ തീരുമാനിച്ചു.''

2. സംസ്ഥാനതല സമിതിയുടെ മേൽ റിപ്പോർട്ട് 2008-കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 10(2) പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു. ബൈപ്പാസ് നിർമ്മാണം പൊതു ആവശ്യമായതിനാൽ പാലക്കാട് ജില്ലയിൽ കൊട്ടുവായൂർ 1

വില്ലേജിൽ സർവ്വേ നം.7, 10, 154, 192, 330, 331 ൽപ്പെട്ട യഥാക്രമം 5.90ആർ, 2.10ആർ, 2.30ആർ, 0.20ആർ, 1.20ആർ, 0.60ആർ (ആകെ-11.90ആർ) & കൊട്ടുവായൂർ 2 വില്ലേജിൽ സർവ്വേ നം.59, 317, 319, 323, 324, 378 ൽപ്പെട്ട യഥാക്രമം 1.70ആർ, 4.20ആർ, 0.20ആർ, 1.20ആർ, 6.65ആർ, 8.00ആർ (ആകെ-21.95ആർ) ഉൾപ്പടെ ആകെ 33.85ആർ നിലത്തിന്റെ പരിവർത്തനം ചേർന്നു കിടക്കുന്ന നെൽപ്പാടങ്ങളേയും, നെൽകൃഷിയേയും സ്വാഭാവിക നീരൊഴുക്കിനേയും പ്രതികൂലമായി ബാധിക്കാത്ത തരത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണെന്ന വ്യവസ്ഥയിൽ കൊട്ടുവായൂർ ബൈപ്പാസ് നിർമ്മാണത്തിനായി പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

V L BEENA

ഡെപ്യൂട്ടി സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, ആർ.ബി.ഡി.സി.കെ ലിമിറ്റഡ്, പ്രീതി ബിൽഡിംഗ്, എം.വി.റോഡ്, പാലാരിവട്ടം, കൊച്ചി.

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, പാലക്കാട്.

റവന്യൂ ഡിവിഷണൽ ഓഫീസർ, പാലക്കാട്.

പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ, പാലക്കാട്.

ഡോ.പി.ഒ.നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവ്വകലാശാല, തൃശ്ശൂർ.

ഡോ.അനു.ജി.കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഹോർട്ടികൾച്ചർ, റീജയണൽ അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ (25), കുമരകം, കോട്ടയം.

കൃഷി ഓഫീസർ, കൃഷി ഭവൻ, കൊട്ടുവായൂർ, പാലക്കാട്.

വില്ലേജ് ഓഫീസർ, കൊട്ടുവായൂർ, പാലക്കാട്.

വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്).

കരുതൽ ഫയൽ / ഓഫീസ് കോപ്പി [ഫയൽ നം.AGRI-NCA1/290/2023-AGRI]

ഉത്തരവിൻ പ്രകാരം

Signed by
Archana.b.p
Date: 25-10-2023 21:24:06
സെക്ഷൻ ഓഫീസർ

പകർപ്പ്: കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്.

കാർഷികോൽപ്പാദന കമ്മീഷണർ & കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - പൊതു ആവശ്യം - പാലക്കാട് ഗവ.മെഡിക്കൽ കോളേജ് നിർമ്മാണം - പാലക്കാട് ബ്ലോക്കിൽ യാക്കര വില്ലേജിൽ നിലം പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

കൃഷി (എൻ.സി.എ) വകുപ്പ്

സ.ഉ.(കൈ) നം.113/2023/AGRI തീയതി,തിരുവനന്തപുരം, 30-11-2023

പരാമർശം:- (1) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റഗ്രേറ്റഡ് മെഡിക്കൽ സയൻസസ് ഡയറക്ടർ സമർപ്പിച്ച അപേക്ഷ ഉള്ളടക്കം ചെയ്ത പാലക്കാട് മുൻസിപ്പാലിറ്റി അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസറുടെ 01.10.2022-ലെ KBPKD 41/2022-23 നമ്പർ കത്ത്.

(2) 06.10.2023-ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

ഉത്തരവ്

പാലക്കാട് ജില്ലയിൽ യാക്കര വില്ലേജിൽ ബ്ലോക്ക് നം.181-ൽ റീസർവ്വേ നം.4, 10 എന്നിവയിൽ ഉൾപ്പെട്ട 50 ഏക്കർ നിലം പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജിനായി പരിവർത്തനപ്പെടുത്തുന്നതിന് പാലക്കാട് ഗവ.മെഡിക്കൽ കോളേജ് ഡയറക്ടർ പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 8 പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി 06.10.2023-ൽ കൂടിയ യോഗത്തിൽ പരിശോധിച്ച്, ചുവടെ ചേർക്കും പ്രകാരം തീരുമാനം കൈക്കൊള്ളുകയും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി:

"പാലക്കാട് ജില്ലയിൽ യാക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 181 റീസർവ്വേ നം 4, 10-ൽ ഉൾപ്പെട്ട 50 ഏക്കർ ഭൂമി നികത്തി മെഡിക്കൽ കോളേജിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി IIMS ഗവ. മെഡിക്കൽ കോളേജ് ഡയറക്ടർ സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. പ്രസ്തുത പ്രദേശത്തെ നീരൊഴുക്ക് തടസ്സപ്പെടുത്തുന്ന തരത്തിൽ യാതൊരു നിർമ്മാണ പ്രവർത്തനവും നടത്താൻ പാടില്ല, 10% ഭൂമി ജലസംരക്ഷണത്തിനായി നീക്കിവയ്ക്കേണ്ടതാണ്, പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നതിന് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ സംബന്ധിച്ച് പാലക്കാട് മെഡിക്കൽ കോളേജ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൻ പ്രകാരം നടപടികൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ് എന്നീ വ്യവസ്ഥകൾക്ക് വിധേയമായി പരിവർത്തനാനുമതി നൽകാവുന്നതാണ്."

2. സംസ്ഥാനതല സമിതിയുടെ മേൽ റിപ്പോർട്ട് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 10(2) പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു. മെഡിക്കൽ കോളേജ് നിർമ്മാണം പൊതു ആവശ്യമായതിനാൽ പ്രസ്തുത പ്രദേശത്തെ നീരൊഴുക്ക് തടസ്സപ്പെടുത്തുന്ന തരത്തിൽ യാതൊരു നിർമ്മാണ പ്രവർത്തനവും നടത്താൻ പാടില്ല, പരിവർത്തനപ്പെടുത്തുന്ന ഭൂമിയുടെ 10% ജലസംരക്ഷണത്തിനായി

നീക്കിവയ്ക്കേണ്ടതാണ്, പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നതിന് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ സംബന്ധിച്ച് പാലക്കാട് മെഡിക്കൽ കോളേജ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൻ പ്രകാരം (അനുബന്ധം) നടപടികൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് പാലക്കാട് ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ് എന്നീ വ്യവസ്ഥകൾക്ക് വിധേയമായി പാലക്കാട് ജില്ലയിൽ യാക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 181 റീസർവ്വേ നം. 4, 10 എന്നിവയിൽ ഉൾപ്പെട്ട 50 ഏക്കർ ഭൂമി പാലക്കാട് മെഡിക്കൽ കോളേജിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

V L BEENA

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റഗ്രേറ്റഡ് മെഡിക്കൽ സയൻസസ്, ഗവ.മെഡിക്കൽ കോളേജ്, പാലക്കാട്.

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, പാലക്കാട്.

റവന്യൂ ഡിവിഷണൽ ഓഫീസർ, പാലക്കാട്.

പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ, പാലക്കാട്.

ഡോ.പി.ഒ.നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവ്വകലാശാല, തൃശ്ശൂർ.

ഡോ.അനു.ജി.കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഹോർട്ടികൾച്ചർ, റീജയണൽ അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ (25), കുമരകം, കോട്ടയം.

അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ, പാലക്കാട് മുൻസിപ്പാലിറ്റി, പാലക്കാട്.

വില്ലേജ് ഓഫീസർ, യാക്കര വില്ലേജ് ഓഫീസ്, പാലക്കാട്.

വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി [AGRI-NCA1/182/2023-AGRI]

ഉത്തരവിൻ പ്രകാരം

Signed by

Archana.b.p

Date: 30-11-2023 14:13:56

സെക്ഷൻ ഓഫീസർ

പകർപ്പ്:- കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്.

കാർഷികോൽപ്പാദന കമ്മിഷണർ & കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

## Mitigation plan to reduce the impact on environment arising due to the Construction of the Government Medical College Palakkad

### Overview

Government of Kerala accorded administrative sanction to commence a new medical college in Palakkad District under the control of Scheduled Castes Development Department, with an annual intake of 100 students to provide more opportunities to students belonging to Scheduled Castes. The institution was started functioning by the funding from Special Component Plan provisions - vide GO (Ms) No.72/12/SCSTDD dated 26.05.2012.

As per GO (Ms.) No.135/12/SCSTDD dated 29.10.2012, sanction was accorded by Government to register a Society for the functioning of the Institute of Integrated Medical Sciences (Government Medical College), Palakkad. As per this "The Society for the Institute of Integrated Medical Sciences" was registered with Sl.No.TVM/TC/586/2015 on 20/5/2015 under Travancore Cochin Literary, Scientific and Charitable Societies Registration Act 1955 with the Memorandum of Association and Rules and Regulations with its registered office at Thiruvananthapuram, the Chief Minister of Kerala as the Ex-Officio Chairman. As per GO (Ms.) No.65/2015/SCSTDD dated 08.09.2015 sanction has been accorded for transferring the Administrative Control of Palakkad Medical College (IIMS) from the Kerala State Scheduled Castes and Scheduled Tribes Residential Educational Society to Society for Institute of Integrated Medical Sciences.

The primary objective of the Society is to educate and train members of the Scheduled Castes in medical and paramedical disciplines and to provide opportunities to members of the Scheduled Castes in medical and related fields.

The proposed institute has been visualized as a leading institution in the education of physicians and medical scientists and in the application of sophisticated medical technology to patient care. The activities of the Institutes will focus on providing the highest quality patient care services and medical education. The Institute will train medical graduates (& post-graduates in future years) with international levels of quality and efficiency in health care delivery. The Institute will implement new approaches for medical education. The Institute, with state-of-the-art high-tech medical equipment, will offer diagnostic and therapeutic care in clearly identified specialty and super-specialty services. The Institute will also conduct health research, both basic and applied.

Earlier, Government of Kerala has resumed 72.77 acres of unutilized land in various survey numbers of Block 25 and 90 in Yakkara Village of Palakkad Taluk from Indian Telephone

Industries Ltd vide order No LRG 2-2012/36750/9 dated 11/07/2012 of District Collector Palakkad. This land was acquired for Indian Telephone Industires Ltd Kanjikode vide Government Order (Rt) No 259/87/ID dated 03/03/1987. After resumption an extent of 50 acres has been handed over to SC Development Department for construction of a Medical College vide GO (MS) 66/2013/Rev dated 23/02/2013.

The Medical College is housed in a 50-acres (approx.) campus with the requisite facilities as per Medical Council of India norms. The campus, besides the built up area of the Hospital, hostels, and allied residential areas, shall also have landscaped open areas, and Parking spaces. The facilities being proposed are to be used by the Poorest population of the country.

It may be noted that the proposed land has been initially transferred for an industrial purpose in 1987 and no paddy cultivation was going on in this land for decades. This 50 Acres of land forms an integral part of IIMS project and its conversion is inevitable for achieving its primary objectives .i.e to provide opportunities to members of the Scheduled Castes in medical and related fields.

**Mitigation plan**

1) **Building Design**

Site Zoning has been planned , The buildings are oriented NE-SW so that maximum advantage can be taken of the prevail wind. And there is good ventilation of the non-air-conditioned spaces. A large green expanse and other landscaping elements will screen off services, parking and residences.

Building plans are such that no space is more than 15 m deep to provide good daylight and cross ventilation. Interlink Corridors have been planned which help in segregating operations traffic from public movement and also link inter-departmental overlap areas. Building Form and Heights are 8-10 floors tall with the intent of reducing the overall building foot-print and increasing open space at ground level. Presently the building footprint is only 13% of the allotted land.

Energy conservation measures have been adopted by way of solar water heating systems, heat recovery from HVAC systems, recycling of waste water and BMS to monitor and control wastage of electricity within the complex. The project is being planned as a 'Green Building' design with min. GRIHA 3-star rating . Copy of Master plan of IIMS Palakkad is attached as **Annexure-1**

2) **Protection of greenery and vegetation:**

The land for the IIMS was initially transferred for an industrial purpose in 1987 to Indian Telephone Industries ( ITI ) and the land was unused and kept uncultivated with very few trees and the majority of the land composed of dry grass lands . The infrastructure development in Government Medical College (IIMS) Palakkad is planned in such a manner so as to give maximum weightage to greenary and vegetation. Actually there was very few numbers of trees in the land to be converted. Very little vegetation was removed for the construction. To compensate the same trees are planted in non-project areas. Specific measures are enumerated below:-

a. Urban forestry within the project area- In collaboration with Social forestry wing of Kerala Forest Department Government Medical College is planning to create a institutional plantation which will reduce the impact of conversion of the land. We have already started planting trees inside the campus. Tree planting in the North West Corner of the campus is already done and the trees have reached around 5 years of age. This afforestation plan trees will be implemented with planting native species of trees.
b. Existing vegetation outside of infrastructure development area of development projects will be protectted.
c. Additional trees are also planted on the east side of the campus where there is no infrastructure proposed by the Institution.
d. Setting apart adequate area of the campus exclusively for green spaces.
e. Trees will be planted as per guidelines from the Social Forestry Wing of Kerala Forest Department. Government Medical College will ensure that the trees planted will grow properly. Maintenance of this plantation will be done by the Medical College.

3) **Water Conservation:**

We have planned to implement the comprehensive plan for water conservation in the converted area.The Rainwater Harvesting System as part of the land conservation will have the following features: The plan envisages the collection of rainwater which included excess run off and from roof of buildings through pipes and leading the same through a pipe to collection ponds at different locations which is being constructed after the completion of Building and road workes. The ponds are proposed to be made with the provision for the landscaping around it. The sides of the ponds are

proposed to be protected with dry rubble pitching. The construction of pond includes the work like earthwork excavation, RR packing works, chain link fencing etc. The Rainwater Harvesting System includes storage pond and facilities for treatment of water, disinfection, pumping etc.

4) Centralized Waste water Treatment System:

A modem Waste Water Treatment plant was planned in IIMS campus taking into account the expansion likely to take place in the coming 10 years. Waste water likely to be generated from the Hospital blocks, Students Hostels, Nurses Hostel, Staff Quarters for Doctors and staff, Campus School, Canteen etc. are to be treated in the proposed STP.

The system was designed as per design criteria stipulated in the "Manual for Sewerage & Treatment" published by the Central Public Health and Environment Engineering Organization, Ministry of Urban Development, Govt. of India, IS-SP/ 35(S&T)-1987 and National and International practices on the subject

a. Features of the proposed STP:

We proposed to make use of the MBBR process which is the most advanced and proven technology for waste water treatment.. The STP has to treat both the grey water and black water. The main aim of the project was to establish a centralized waste water treatment system in a cost effective, eco-friendly and operationally sustainable manner. The technology options are selected so that the treated effluent satisfy the PCB norms and CPHEEO guide lines and will be fit for recycling operations such as toilet flushing, floor washing, gardening, ground water recharging etc.

The Proposed liquid stream consists of Equalization tank, Anoxic tank and MBBR followed by Mechanical Clarifier, PSF (Pressure Sand Filter), ACF (Activated Carbon Filter). and OF (Ultra - Filtration) apart from other connected units. With zero waste concept, it is proposed to treat the STP sludge in a suitably designed Bio methenation plant.

b. Technical Features of the proposed Bio-methanation Plant

- The proposed Bio-methanation Plant is of 300 Kg/day capacity to take care of the food waste, kitchen waste and sludge from the STP. This plant makes use of Mesophilic Process and gives good operational performance for a long time.

- STP is designed such that it can recycle 80% of the waste water and it can be reused for flushing and irrigation.
- In order to ensure the quality of the treated water from STP , an online BOD Monitoring System is also being planned in the STP .

c. Capacity of the STP

We are proposing an STP of I MLD for the whole campus taking into account all the inputs mentioned above. It is to be mentioned that even when 30% of the design quantity is let in to the plant, it will function satisfactorily.

d. Implementation

Installation of the STP is completed and the related pipeline works for the Commissioning of the STP and Biomethanation Plant is in progress.

e. STP Approval

Initial consent from State Pollution Control Board ( PCB ) to establish the Sewage Treatment Plant of IIMS has been received .

5) **Pond for water storage**

The treated water from STP is used for all the flush water needs in toilets of Hospital Block , Hostels and Accadamic Blocks . For storing the Balance treated water, a Pond is planned to be constructed in the east side of the campus in 0.6 acres satisfiying CPHEEO norms and KSPCB norms . This pond can fuction as the main water source for garden irrigation and similar purposes and thus reduce huge consumption of municipal water. It will also faction as a recharge pond . Proposal for the oxidation pond is attached in **Annexure 2**

6) **Waste Water Disposal**

- Runoff from the construction site will not be directly routed to natural flow. It will be discharged only after treatment.
- Debris from the construction site will be removed properly in time in order to avoid contamination of ground water.

- To control and channelize storm water and ground water proper storm water drain system with and estimate cost of 11 Crore is being implemented in order to regulate the water flow and to avoid damages to the surrounding properties and also to the property of Medical College.

7) **Solid Waste Disposal**

- Biomedical wastes collected from Medical College hospital are being sent to the facility of Indian Medical Association (IMAGE) for proper treatment disposal
- For the Treatment of non bio degradable waste, treatment facilities of Municipality, Palakkad is being used.

8) **Prevention of Soil erosion**

Government Medical College, Palakkad campus is situated in a generally flat ground . Since the ground is not steep, there is no soil erosion is observed . Further, landscaping with Suitable vegetation is also planned in per DPR in the West side of the campus which also will aid in prevention of the soil erosion.

Govt. Medical College
Date:
Palakkad

Director

Director
Govt. Medical College(IIMS)
Palakkad




AGRI-NCAI/182/2023-AGRI

Director
Govt. Medical College (IIMS)
Palakkad

7389556

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - പൊതു ആവശ്യം - പൊതു വഴി നിർമ്മാണം - കേരളശ്ശേരി വില്ലേജിൽ നിലം പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (എൻ.സി.എ) വകുപ്പ്**

**സ.ഉ.(കൈ) നം.116/2023/AGRI തീയതി,തിരുവനന്തപുരം, 30-11-2023**

പരാമർശം:- (1) കേരളശ്ശേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ ഉള്ളടക്കം ചെയ്ത കേരളശ്ശേരി കൃഷി ഓഫീസറുടെ 14.08.2023-ലെ KLY76/2023-24 നമ്പർ കത്ത്.

(2) 06.10.2023-ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

**ഉത്തരവ്**

പാലക്കാട് ജില്ലയിൽ കേരളശ്ശേരി വില്ലേജിൽ പൊതു വഴി നിർമ്മാണത്തിനായി നിലം പരിവർത്തനപ്പെടുത്തുന്നതിന് പരാമർശം (1) പ്രകാരം കേരളശ്ശേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 8 പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി 06.10.2023-ൽ കൂടിയ യോഗത്തിൽ പരിശോധിച്ച് ചുവടെ ചേർക്കും പ്രകാരം തീരുമാനം കൈക്കൊള്ളുകയും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി:

"പാലക്കാട് ജില്ലയിൽ കേരളശ്ശേരി വില്ലേജിൽ ബ്ലോക്ക് 5-ൽ റീസർവ്വേ നമ്പർ 278/26-ലെ (പഴയ സർവ്വേ നമ്പർ 278/6) 2.75 സെന്റ്, 278/27-ലെ (പഴയ സർവ്വേ നമ്പർ 278/5) 1.375 സെന്റ്, 278/37-ലെ (പഴയ സർവ്വേ നമ്പർ 278/4) 1.45 സെന്റ് ഉൾപ്പെടെയുള്ള ആകെ 7.175 സെന്റ് (2.87ആർസ്) നിലം 'പൊതു വഴി' നിർ മ്മാണത്തിനായി (ബഹു. എം.പി, ഡോ.പി.ടി.ഉഷ-യുടെ പ്രാദേശിക വികസന ഫണ്ട്) പരിവർത്തനപ്പെടുത്തുന്നതിന് കേരളശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. പാടശേഖരത്തിലേയ്ക്കുള്ള ജലത്തിന്റെ സ്വാഭാവിക നീരൊഴുക്കിനെ തടസ്സപ്പെടുത്താത്ത രീതിയിലും പാടശേഖരത്തിലെ നെൽകൃഷിയെ പ്രതികൂലമായി ബാധിക്കാത്ത രീതിയിലുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ പരിവർത്താനാനുമതി നൽകാവുന്നതാണ്."

2. സംസ്ഥാനതല സമിതിയുടെ മേൽ റിപ്പോർട്ട് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 10(2) പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു. പൊതു ആവശ്യമായതിനാൽ പാടശേഖരത്തിലേയ്ക്കുള്ള ജലത്തിന്റെ സ്വാഭാവിക നീരൊഴുക്കിനെ തടസ്സപ്പെടുത്താത്ത രീതിയിലും പാടശേഖരത്തിലെ നെൽകൃഷിയെ പ്രതികൂലമായി ബാധിക്കാത്ത രീതിയിലുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ പാലക്കാട് ജില്ലയിൽ കേരളശ്ശേരി വില്ലേജിൽ ബ്ലോക്ക് 5-ൽ റീസർവ്വേ നമ്പർ 278/26-ലെ (പഴയ സർവ്വേ നമ്പർ 278/6) 2.75 സെന്റ്, 278/27-ലെ (പഴയ സർവ്വേ നമ്പർ 278/5) 1.375 സെന്റ്,

278/37-ലെ (പഴയ സർവ്വേ നമ്പർ 278/4) 1.45 സെന്റ് ഉൾപ്പെടെയുള്ള ആകെ 7.175 സെന്റ് (2.87ആർസ്) നിലം പൊതു വഴി നിർമ്മാണത്തിനായി പരിവർത്താനപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

V L BEENA

ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, കേരളശ്ശേരി ഗ്രാമ പഞ്ചായത്ത്, പാലക്കാട്.

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, പാലക്കാട്.

റവന്യൂ ഡിവിഷണൽ ഓഫീസർ, പാലക്കാട്.

പ്രിൻസിപ്പൽ കൃഷി ഓഫീസർ, പാലക്കാട്.

ഡോ.പി.ഒ.നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവ്വകലാശാല, തൃശ്ശൂർ.

ഡോ.അനു.ജി.കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഹോർട്ടികൾച്ചർ, റീജയണൽ അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ (25), കുമരകം, കോട്ടയം.

കൃഷി ഓഫീസർ, കൃഷി ഭവൻ, കേരളശ്ശേരി, പാലക്കാട്.

വില്ലേജ് ഓഫീസർ, കേരളശ്ശേരി, പാലക്കാട്.

വിവര പൊതുജന സമ്പർക്ക വകുപ്പ് ( പ്രസിദ്ധീകരണത്തിന് )

കരുതൽ ഫയൽ / ഓഫീസ് കോപ്പി [AGRI-NCA1/234/2023-AGRI]

ഉത്തരവിൻ പ്രകാരം

Signed by
Archana.b.p
Date: 02-12-2023 10:34:02

സെക്ഷൻ ഓഫീസർ

പകർപ്പ്:- കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്.

കാർഷികോൽപ്പാദന കമ്മീഷണർ & കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - പൊതു ആവശ്യം - പാലക്കാട് ജില്ലയിൽ പൂക്കോട്ടുകാവ് വില്ലേജിൽ വയോജന പാർക്ക് നിർമ്മാണത്തിന് 0.81 ആർസ് നിലം പരിവർത്തനപ്പെടുത്തുന്നതിന് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻ.സി.എ) വകുപ്പ്**

**സ.ഉ.(കൈ) നം.7/2024/AGRI തീയതി,തിരുവനന്തപുരം, 08-01-2024**

---

പരാമർശം:- 1. പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച ഫോറം 2 അപേക്ഷ ഉള്ളടക്കം ചെയ്ത പൂക്കോട്ടുകാവ് കൃഷി ഓഫീസറുടെ 31.10.2023-ലെ PKV-16-04/23-24 നമ്പർ കത്ത്.

2. 24.11.2023-ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിൽ പൂക്കോട്ടുകാവ് വില്ലേജിൽ ബ്ലോക്ക് നമ്പർ 61-ൽ റീസർവ്വേ നമ്പർ 131/2-ൽപ്പെട്ട 0.81 ആർസ് നിലം പരിവർത്തനപ്പെടുത്തി വയോജന പാർക്ക് നിർമ്മിക്കുന്നതിനായി പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 8 പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി 24.11.2023-ൽ കൂടിയ യോഗത്തിൽ പരിശോധിച്ച്, താഴെപ്പറയും പ്രകാരം തീരുമാനം കൈക്കൊള്ളുകയും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.

"പാലക്കാട് ജില്ലയിൽ പൂക്കോട്ടുകാവ് വില്ലേജിൽ റീബ്ലോക്ക് നമ്പർ 61 ൽ റീസർവ്വേ നമ്പർ 131/2 -ൽ ഉൾപ്പെട്ട 0.81 ആർസ് നിലം പരിവർത്തനപ്പെടുത്തി വയോജന പാർക്ക് നിർമ്മിക്കുന്നതിനായി പൂക്കോട്ട്കാവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ സമിതി വിശദമായി പരിശോധിച്ചു. ജലനിർഗ്ഗമന മാർഗ്ഗത്തിന് തടസ്സം നേരിടരുതെന്ന വ്യവസ്ഥയിൽ പരിവർത്തനാനുമതി നൽകാവുന്നതാണ്. "

2. സംസ്ഥാനതല സമിതിയുടെ മേൽ റിപ്പോർട്ട് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 10(2) പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു. ജലനിർഗ്ഗമന മാർഗ്ഗത്തിന് തടസ്സം നേരിടരുതെന്ന വ്യവസ്ഥയിലും പാലക്കാട് ജില്ലാ കളക്ടർ ആയത് ഉറപ്പുവരുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചും, പാലക്കാട് ജില്ലയിൽ പൂക്കോട്ടുകാവ് വില്ലേജിൽ ബ്ലോക്ക് നം.61-ൽ റീസർവ്വേ നം.131/2-ൽപ്പെട്ട 0.81 ആർസ് നിലം

പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

V L BEENA

ഡെപ്യൂട്ടി സെക്രട്ടറി

1.സെക്രട്ടറി, പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത്, പാലക്കാട്.

2.ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

3.ജില്ലാ കളക്ടർ, പാലക്കാട്.

4.ഡോ.പി.ഒ.നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് &എൻവയോണമെന്റൽ സയൻസ്, കാർഷിക സർവകലാശാല, തൃശ്ശൂർ.

5.ഡോ.അനു.ജി.കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഹോർട്ടികൾച്ചർ, റീജയണൽ അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ(25), കുമരകം, കോട്ടയം.

6.പ്രിൻസിപ്പൽ കൃഷി ഓഫീസർ, പാലക്കാട്.

7.കൃഷി ഓഫീസർ, കൃഷി ഭവൻ, പൂക്കോട്ടുക്കാവ്, പാലക്കാട്.

8.വില്ലേജ് ഓഫീസർ, പൂക്കോട്ടുകാവ്, പാലക്കാട്.

9.വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)

10.കരുതൽ ഫയൽ / ഓഫീസ് കോപ്പി (AGRI-NCA1/315/2023-AGRI)

ഉത്തരവിൻ പ്രകാരം

Signed by

Archana.b.p

Date: 08-01-2024 11:51:13

സെക്ഷൻ ഓഫീസർ

പകർപ്പ്: കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്.

കാർഷികോൽപ്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - പൊതു ആവശ്യം - പാലക്കാട് ജില്ലയിൽ ഒ.വി.വിജയൻ സ്മാരക മന്ദിരത്തോട് അനുബന്ധമായി നടത്തുന്ന നിർമ്മാണപ്രവർത്തനങ്ങൾക്ക് കണ്ണാടി-2 വില്ലേജിൽ 42.50 ആർസ് ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻ.സി.എ) വകുപ്പ്**

**സ.ഉ.(കൈ) നം.36/2024/AGRI   തീയതി,തിരുവനന്തപുരം, 12-06-2024**

---

പരാമർശം:- 1. ഒ.വി.വിജയൻ സ്മാരക സമിതി സെക്രട്ടറി സമർപ്പിച്ച ഫോം.2 അപേക്ഷ ഉള്ളടക്കം ചെയ്ത കൊടുമ്പ് കൃഷി ഓഫീസറുടെ 02.08.2023-ലെ KDB23(2) 2023-2024 നമ്പർ കത്ത്.

2. 11.03.2024-ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

**ഉത്തരവ്**

പാലക്കാട് ജില്ലയിൽ പാലക്കാട് താലൂക്ക് കണ്ണാടി-2 വില്ലേജിൽ ബ്ലോക്ക് 47-ൽ സർവ്വേ നമ്പർ 318/1-ൽപ്പെട്ട 0.125ഹെക്ടർ, 318/2-ൽപ്പെട്ട 0.300 ഹെക്ടർ ആകെ 0.4250 ഹെക്ടർ (42.50 ആർസ്) ഭൂമി ഒ.വി.വിജയൻ സ്മാരക മന്ദിരത്തോട് അനുബന്ധമായി നടത്തുന്ന നിർമ്മാണപ്രവർത്തനങ്ങൾക്കായി പരിവർത്തനപ്പെടുത്തുന്നതിന് ഒ.വി.വിജയൻ സ്മാരക സമിതി സെക്രട്ടറി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 8 പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി 11.03.2024-ൽ കൂടിയ യോഗത്തിൽ പരിശോധിച്ച്, ചുവടെ ചേർക്കും പ്രകാരം തീരുമാനം കൈക്കൊള്ളുകയും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി:

"പാലക്കാട് ജില്ലയിൽ കണ്ണാടി-2 വില്ലേജിൽ റീസർവ്വേ ബ്ലോക്ക് 47 ൽ റീ സർവ്വേ നമ്പർ 318/1, 318/2 ൽപ്പെട്ട 42.50 ആർസ് ഭൂമി ഒ.വി.വിജയൻ സ്മാരക മന്ദിരത്തോട് അനുബന്ധമായി എഴുത്തുകാർക്ക് വന്നു താമസിച്ച് രചന നടത്താനും, കൂട്ടമായി സാംസ്കാരിക സന്ദർശകർക്ക് താമസിക്കാനുമായി 8 കോട്ടേജുകൾ, 5 മരമുകൾ കുടിലുകൾ, 50 പേർക്ക് താമസിക്കാവുന്ന ഡോർമിറ്ററി, ഭരണ വിഭാഗ ഓഫീസ്, അടുക്കള, ഭക്ഷണമുറി എന്നിവ നിർമ്മിക്കുന്നതിന് പരിവർത്തനപ്പെടുത്തുന്നതിന് ഒ.വി.വിജയൻ സ്മാരക സമിതി സെക്രട്ടറി സമർപ്പിച്ച അപേക്ഷ ജില്ലാ കളക്ടറുടെ റിപ്പോർട്ട് സഹിതം പരിശോധിച്ചതിൽ, പരിവർത്തനം ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം 20.2ആറിൽ അധികമായതിനാൽ 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം, വകുപ്പ് 6(2) പ്രകാരം പരിവർത്തനം ചെയ്യുന്ന ഭൂമിയുടെ 10% ജലസംരക്ഷണത്തിനായി മാറ്റിവയ്ക്കണമെന്ന വ്യവസ്ഥയിൽ പരിവർത്തനാനുമതി നൽകാവുന്നതാണ്. ടി വ്യവസ്ഥ പാലിയ്ക്കുന്നുണ്ടോയെന്ന് ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്."

2. സംസ്ഥാനതല സമിതിയുടെ മേൽ റിപ്പോർട്ട് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 10(2) പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു. പരിവർത്തനം ചെയ്യുന്ന ഭൂമിയുടെ 10% ജലസംരക്ഷണത്തിനായി മാറ്റിവയ്ക്കണമെന്ന വ്യവസ്ഥയിൽ പാലക്കാട് ജില്ലയിൽ പാലക്കാട് താലൂക്ക് കണ്ണാടി-2 വില്ലേജിൽ ബ്ലോക്ക് 47-ൽ സർവ്വേ നമ്പർ 318/1-ൽപ്പെട്ട 0.125ഹെക്ടർ, 318/2-ൽപ്പെട്ട 0.300 ഹെക്ടർ ആകെ 0.4250 ഹെക്ടർ (42.50 ആർസ്) ഭൂമി ഒ.വി.വിജയൻ സ്മാരക മന്ദിരത്തോട് അനുബന്ധമായി നടത്തുന്ന നിർമ്മാണപ്രവർത്തനങ്ങൾക്കായി പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബാലഗോപാൽ കെ കെ

അഡിഷണൽ സെക്രട്ടറി

1.സെക്രട്ടറി, ഒ.വി.വിജയൻ സ്മാരക സമിതി, തസ്രാക്ക്, കിണാശ്ശേരി പി.ഒ, പാലക്കാട്.

2.ലാന്റ് റവന്യൂ കമ്മിഷണർ, തിരുവനന്തപുരം.

3.ജില്ലാ കളക്ടർ, പാലക്കാട്.

4.റവന്യൂ ഡിവിഷണൽ ഓഫീസർ, പാലക്കാട്.

5.പ്രിൻസിപ്പൽ കൃഷി ഓഫീസർ, പാലക്കാട്

6.ഡോ.പി.ഒ,നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവകലാശാല, തൃശ്ശൂർ.

7.ഡോ.അനു.ജി.കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഹോർട്ടികൾച്ചർ, റീജിയണൽ അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ (25) കമരകം, കോട്ടയം.

8.കൃഷി ഓഫീസർ, കൊടുമ്പ് കൃഷി ഓഫീസ്, മലപ്പുറം.

9.വില്ലേജ് ഓഫീസർ, കൊടുമ്പ്, മലപ്പുറം.

10വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്).

11.കരുതൽ ഫയൽ / ഓഫീസ് കോപ്പി [ഫയൽ നം.NCA1/220/2023-AGRI]

ഉത്തരവിൻ പ്രകാരം

Signed by
Archana B P
സെക്ഷൻ ഓഫീസർ
Date: 12-06-2024 12:09:29

പകർപ്പ്:-

1.കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്.

2.കാർഷികോൽപ്പാദന കമ്മീഷണർ & കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - പൊതു ആവശ്യം - പാലക്കാട് ജില്ലയിൽ കോട്ടപ്പാടം-3 വില്ലേജിൽ അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിനായി 5 സെന്റ് ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻ.സി.എ) വകുപ്പ്**

**സ.ഉ.(കൈ) നം.53/2024/AGRI തീയതി,തിരുവനന്തപുരം, 22-06-2024**

---

പരാമർശം:- 1. കോട്ടോപ്പാടം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച ഫോം 2 അപേക്ഷ ഉള്ളടക്കം ചെയ്ത കോട്ടോപ്പാടം കൃഷി ഓഫീസറുടെ KTP/2023-24 നമ്പർ കത്ത്.

2. 11.03.2024-ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

**ഉത്തരവ്**

പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് താലൂക്ക് കോട്ടപ്പാടം-3 വില്ലേജിൽ സർവ്വേ നമ്പർ 33/2-56 ൽപ്പെട്ട 5 സെന്റ് (2.02 ആർ സ്) ഭൂമി അംഗൻവാടി കെട്ടിടം നിർ മ്മിക്കുന്നതിനായി പരിവർത്തനപ്പെടുത്തുന്നതിന് കോട്ടോപാടം ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 8 പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി 11.03.2024-ൽ കൂടിയ യോഗത്തിൽ പരിശോധിച്ച്, താഴെ പറയും തീരുമാനം കൈക്കൊള്ളുകയും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി:

"പാലക്കാട് ജില്ലയിൽ കോട്ടപ്പാടം-3 വില്ലേജിൽ സർവ്വേ നമ്പർ 33/2-56 ൽപ്പെട്ട 2.02 ആർസ് ഭൂമി അംഗൻവാടി കെട്ടിടം നിർമ്മിക്കുന്ന ആവശ്യത്തിന് പരിവർത്തനപ്പെടുത്തുന്നതിന് കോട്ടോപാടം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ, സമീപത്തെ കാർഷികമോ, പാരിസ്ഥിതികമോ ആയ മേഖലകളെ പ്രതികൂലമായി ബാധിക്കാത്ത വിധം പ്രവർത്തനങ്ങൾ നടത്തണം എന്ന വ്യവസ്ഥയിൽ പരിവർത്തനാനുമതി നൽകാവുന്നതാണ്. ടി വ്യവസ്ഥ പാലിയ്ക്കുന്നുണ്ടോയെന്ന് ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്."

2. സംസ്ഥാനതല സമിതിയുടെ മേൽ റിപ്പോർട്ട് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 10(2) പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു. അപേക്ഷാ ഭൂമിയുടെ പരിവർത്തനം സമീപത്തെ കാർഷികമോ, പാരിസ്ഥിതികമോ ആയ മേഖലകളെ പ്രതികൂലമായി ബാധിക്കാത്ത വിധം പ്രവർത്തനങ്ങൾ നടത്തണം എന്ന വ്യവസ്ഥയിൽ പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് താലൂക്ക് കോട്ടപ്പാടം-3 വില്ലേജിൽ സർവ്വേ നമ്പർ 33/2-56 ൽപ്പെട്ട 5 സെന്റ് (2.02 ആർ സ്) ഭൂമി അംഗൻവാടി

കെട്ടിടം നിർമ്മിക്കുന്നതിനായി പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബാലഗോപാൽ കെ കെ

അഡീഷണൽ സെക്രട്ടറി

1. സെക്രട്ടറി, കോട്ടോപാടം ഗ്രാമപഞ്ചായത്ത്, പാലക്കാട്.
2. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
3. ജില്ലാ കളക്ടർ, പാലക്കാട്.
4. പ്രിൻസിപ്പൽ കൃഷി ഓഫീസർ, പാലക്കാട്.
5. റവന്യൂ ഡിവിഷണൽ ഓഫീസർ, പാലക്കാട്.
6. ഡോ.പി.ഒ.നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവകലാശാല, തൃശ്ശൂർ.
7. ഡോ.അനു.ജി.കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഹോർട്ടികൾച്ചർ, റീജിയണൽ അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ (25) കുമരകം, കോട്ടയം.
8. കൃഷി ഓഫീസർ, കോട്ടപ്പാടം, പാലക്കാട്.
9. വില്ലേജ് ഓഫീസർ, കോട്ടപ്പാടം-3, പാലക്കാട്.
10. വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്).
11. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Archana B P
Date: 22-06-2024 11:51:27

സെക്ഷൻ ഓഫീസർ

പകർപ്പ് :- 1. കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്.

2.കാർഷികോൽപ്പാദന കമ്മീഷണർ & കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - പൊതു ആവശ്യം - പാലക്കാട് ജില്ലയിൽ വെള്ളിനേഴി വില്ലേജിൽ കഞ്ചുണ്ണി ആശാൻപടി റോഡ് നിർമ്മാണത്തിനായി ഏറ്റെടുത്തിരിക്കുന്നതായ 7.79 സെന്റ് (03.15 ആർസ്) നിലം ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻ.സി.എ) വകുപ്പ്**

സ.ഉ.(കൈ) നം.55/2024/AGRI **തീയതി,തിരുവനന്തപുരം, 22-06-2024**

---

പരാമർശം:- 1. വെള്ളിനേഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച ഫോം 2 അപേക്ഷ ഉള്ളടക്കം ചെയ്ത വെള്ളിനേഴി കൃഷി ഓഫീസറുടെ 24/11/2023-ലെ VLY/15/2023-24 നമ്പർ കത്ത്.

2. 11.3.2024-ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

**ഉത്തരവ്**

പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്ക് വെള്ളിനേഴി വില്ലേജിൽ ബ്ലോക്ക് 64 ൽ സർവ്വേ നമ്പർ 237/6, 238/17, 238/18 എന്നിവയിൽപ്പെട്ടതും കഞ്ചുണ്ണി ആശാൻപടി റോഡ് നിർമ്മാണത്തിനായി ഏറ്റെടുത്തിരിക്കുന്നതുമായ 7.79 സെന്റ് (03.15 ആർസ്) നിലം ഭൂമി പരിവർ ത്തനപ്പെടുത്തുന്നതിന് വെള്ളിനേഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 8 പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി 11.03.2024-ൽ കൂടിയ യോഗത്തിൽ പരിശോധിച്ച്, താഴെ പറയും തീരുമാനം കൈക്കൊള്ളുകയും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി:

"പാലക്കാട് ജില്ലയിൽ വെള്ളിനേഴി വില്ലേജിൽ ബ്ലോക്ക് 64 ൽ സർവ്വേ നമ്പർ 237/6, 238/17, 238/18 എന്നിവയിൽപ്പെട്ടതും കഞ്ചുണ്ണി ആശാൻപടി റോഡ് നിർമ്മാണത്തിനായി ഏറ്റെടുത്തിരിക്കുന്നതുമായ 03.15 ആർസ് നിലം പരിവർത്തനപ്പെടുത്തുന്നതിന് വെള്ളിനേഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ, പാടത്തിന് കുറുകെ നിർമ്മിക്കുന്ന റോഡ് മൂലം നീരൊഴുക്ക് തടസ്സപ്പെടാതിരിക്കാൻ പ്രസ്തുത ഭൂമിയിൽ ആവശ്യമായ ജലസംരക്ഷണ ജലാഗമന നിർഗ്ഗമന നടപടികൾ സ്വീകരിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ പരിവർത്തനാനുമതി നൽകാവുന്നതാണ്. ടി വ്യവസ്ഥ പാലിയ്ക്കുന്നുണ്ടോയെന്ന് ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്. "

2. സംസ്ഥാനതല സമിതിയുടെ മേൽ റിപ്പോർട്ട് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 10(2) പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു. പാടത്തിന് കുറുകെ നിർമ്മിക്കുന്ന റോഡ് മൂലം നീരൊഴുക്ക് തടസ്സപ്പെടാതിരിക്കാൻ പ്രസ്തുത ഭൂമിയിൽ ആവശ്യമായ ജലസംരക്ഷണ ജലാഗമന നിർഗ്ഗമന നടപടികൾ സ്വീകരിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ പാലക്കാട് ജില്ലയിൽ

ഒറ്റപ്പാലം താലൂക്ക് വെള്ളിനേഴി വില്ലേജിൽ ബ്ലോക്ക് 64 ൽ സർവ്വേ നമ്പർ 237/6, 238/17, 238/18 എന്നിവയിൽപ്പെട്ടതും കുഞ്ചുണ്ണി ആശാൻപടി റോഡ് നിർമ്മാണത്തിനായി ഏറ്റെടുത്തിരിക്കുന്നതുമായ 7.79 സെന്റ് (03.15 ആർസ്) നിലം ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബാലഗോപാൽ കെ കെ
അഡിഷണൽ സെക്രട്ടറി

1. സെക്രട്ടറി, വെള്ളിനേഴി ഗ്രാമപഞ്ചായത്ത്, കളക്കാട് പി.ഒ., പാലക്കാട്.
2. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
3. ജില്ലാ കളക്ടർ, പാലക്കാട്.
4. റവന്യൂ ഡിവിഷണൽ ഓഫീസർ, പാലക്കാട്.
5. പ്രിൻസിപ്പൽ കൃഷി ഓഫീസർ, പാലക്കാട്.
6. ഡോ.പി.ഒ.നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവകലാശാല, തൃശ്ശൂർ.
7. ഡോ.അനു.ജി.കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഹോർട്ടികൾച്ചർ, റീജിയണൽ അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ (25) കുമരകം, കോട്ടയം.
8. കൃഷി ഓഫീസർ, വെള്ളനേഴി കൃഷി ഓഫീസ്, പാലക്കാട്.
9. വില്ലേജ് ഓഫീസർ, വെള്ളനേഴി, പാലക്കാട്.
10. വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്).
11. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Archana B P
Date: 22-06-2024 12:19:02
സെക്ഷൻ ഓഫീസർ

പകർപ്പ്:- 1.കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്,
2.കാർഷികോൽപ്പാദന കമ്മീഷണർ & കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - പാലക്കാട് ജില്ലയിൽ വെള്ളിനേഴി വില്ലേജിൽ 21.03 ആർസ് നിലം അടക്കാപുത്തൂർ കരണംകാട്ടിൽ ലിങ്ക് റോഡ് നിർമ്മാണത്തിനായി പരിവർത്തനപ്പെടുത്തുന്നതിന് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻ.സി.എ) വകുപ്പ്**

**സ.ഉ.(കൈ) നം.62/2024/AGRI തീയതി,തിരുവനന്തപുരം, 01-07-2024**

---

പരാമർശം:- 1. വെള്ളിനേഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച ഫോം.2 അപേക്ഷ ഉള്ളടക്കം ചെയ്ത വെള്ളിനേഴി കൃഷി ഓഫീസറുടെ 06.12.2022-ലെ VLY/15/2022-23 നമ്പർ കത്ത്.

2. 19.06.2023-ലെ സ.ഉ.(സാധാ)നം.590/2023/അഗ്രി നമ്പർ സർക്കാർ ഉത്തരവ്.

3. ബഹു.ഷൊർണ്ണൂർ എം.എൽ.എ-യുടെ 25.09.2023-ലെ CO/23092502 നമ്പർ കത്ത്.

4. പാലക്കാട് ജില്ലാ കളക്ടറുടെ 24.01.2024-ലെ DCPKD/310/2024-C3 നമ്പർ റിപ്പോർട്ട്.

5. 11.03.2024-ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

**ഉത്തരവ്**

പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്ക് വെള്ളിനേഴി വില്ലേജിൽ ബ്ലോക്ക് 62ൽ സർവ്വേ നമ്പർ 152/18, 152/13, 152/15, 151/5, 151/9, 151/4, 203/17, 203/12 ൽ പ്പെട്ട ആകെ 51.96 സെന്റ് നിലം അടക്കാപുത്തൂർ കരണംകാട്ടിൽ ലിങ്ക് റോഡ് നിർമ്മാണത്തിനായി പരിവർത്തനപ്പെടുത്തുന്നതിന് വെള്ളിനേഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച പരാമർശം (1) അപേക്ഷ പരാമർശം (2) പ്രകാരം നിരസിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കാർഷിക പ്രവർത്തികൾക്കും ജനജീവിതത്തിനും ഏറെ പ്രയോജനപ്പെടുന്ന പദ്ധതിയായതിനാൽ പ്രസ്തുത സ്ഥലം പൊതു ആവശ്യത്തിനായി തരം മാറ്റുന്നതിന് അനുമതി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം ബഹു.ഷൊർണ്ണൂർ എം.എൽ.എ അഭ്യർത്ഥിക്കുകയുണ്ടായി. ടി വിഷയത്തിൽ ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു:

"വെള്ളിനേഴി ഗ്രാമപഞ്ചായത്തിലെ അടക്കാംപുത്തർ കരണംകാട്ടിൽ ലിങ്ക് റോഡ് നിർമ്മാണത്തിനായി നിലം പരിവർത്തനപ്പെടുത്തുന്നത് നിലവിൽ കൃഷി ചെയ്തുവരുന്ന നിലത്തിന് മധ്യത്തിലൂടെ ലിങ്ക് റോഡ് കടന്ന് പോകുന്നതിനാൽ പാടശേഖരത്തിനോ ജല ലഭ്യതയ്ക്കോ സമീപ കൃഷിയ്ക്കോ ദോഷകരമായി ബാധിക്കില്ലായെന്നും നിലം പരിവർത്തനം ചെയ്ത്

നിർമ്മിക്കുന്ന പ്രസ്തുത ലിങ്ക് റോഡ് പ്രദേശവാസികൾക്ക് വളരെയധികം പ്രയോജനകരമാണെന്നും ആയതിനാൽ ഭൂമി പരിവർത്തനം അനുവദിക്കാം."

2. പ്രസ്തുത അപേക്ഷ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 8 പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി 11.03.2024-ൽ കൂടിയ യോഗത്തിൽ പരിശോധിച്ച്, ചുവടെ ചേർക്കും പ്രകാരം തീരുമാനം കൈക്കൊള്ളുകയും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി:

"പാലക്കാട് ജില്ലയിൽ വെള്ളിനേഴി വില്ലേജിൽ ബ്ലോക്ക് 62ൽ സർവ്വേ നമ്പർ 152/18, 152/13, 152/15, 151/5, 151/9, 151/4, 203/17, 203/12 ൽ പ്പെട്ട ആകെ 21.03 ആർസ് നിലം അടയ്ക്കാപുത്തൂർ കരണകാട്ടിൽ ലിങ്ക് റോഡ് നിർമ്മാണത്തിനായി പരിവർത്തനപ്പെടുത്തുന്നതിന് വെള്ളിനേഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ, ആവശ്യമായ ജലസംരക്ഷണ ജലാഗമന നിർഗമന നടപടികൾ സ്വീകരിക്കണമെന്ന വ്യവസ്ഥയിലും, പരിവർത്തനം ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം 20.2 ആറിൽ അധികമായതിനാൽ 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം, വകുപ്പ് 6(2) പ്രകാരം പരിവർത്തനം ചെയ്യുന്ന ഭൂമിയുടെ 1 0 % ജലസംരക്ഷണത്തിനായി (ഓട, കലുങ്ക് മുതലായവനിർമ്മിക്കുന്നതിന്) മാറ്റിവയ്ക്കണമെന്ന വ്യവസ്ഥയിലും പരിവർത്തനാനുമതി നൽകാവുന്നതാണ്. ടി വ്യവസ്ഥ പാലിയ്ക്കുന്നുണ്ടോയെന്ന് ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്. "

3. സംസ്ഥാനതല സമിതിയുടെ മേൽ റിപ്പോർട്ട് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 10(2) പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു. ആവശ്യമായ ജലസംരക്ഷണ ജലാഗമന നിർഗമന നടപടികൾ സ്വീകരിക്കണമെന്ന വ്യവസ്ഥയിലും, പരിവർത്തനം ചെയ്യുന്ന ഭൂമിയുടെ 10% ജലസംരക്ഷണത്തിനായി (ഓട, കലുങ്ക് മുതലായവനിർമ്മിക്കുന്നതിന്) മാറ്റിവയ്ക്കണമെന്ന വ്യവസ്ഥയിലും, പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്ക് വെള്ളിനേഴി വില്ലേജിൽ ബ്ലോക്ക് 62ൽ സർവ്വേ നമ്പർ 152/18, 152/13, 152/15, 151/5, 151/9, 151/4, 203/17, 203/12 ൽപ്പെട്ട ആകെ 51.96 സെന്റ് (21.03 ആർസ്) നിലം അടക്കാപുത്തൂർ കരണംകാട്ടിൽ ലിങ്ക് റോഡ് നിർമ്മാണത്തിനായി പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പ്രസ്തുത വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബാലഗോപാൽ കെ കെ

അഡിഷണൽ സെക്രട്ടറി

1. സെക്രട്ടറി, വെള്ളിനേഴി ഗ്രാമപഞ്ചായത്ത്, കളക്കാട്, പാലക്കാട്-679503.
2. ലാന്റ് റവന്യൂ കമ്മിഷണർ, തിരുവനന്തപുരം
3. ജില്ലാ കളക്ടർ, പാലക്കാട്.
4. പ്രിൻസിപ്പൽ കൃഷി ഓഫീസർ, പാലക്കാട്.
5. ഡോ.പി.ഒ.നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് &

   എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവകലാശാല, തൃശ്ശൂർ.

6. ഡോ.അനു.ജി.കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഹോർട്ടികൾച്ചർ, റീജിയണൽ അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ (25) കുമരകം, കോട്ടയം.
7. കൃഷി ഓഫീസർ, വെള്ളിനേഴി കൃഷി ഭവൻ, പാലക്കാട്.
8. വില്ലേജ് ഓഫീസർ, വെള്ളിനേഴി, പാലക്കാട്.
9. വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്).
10. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Archana B P
Date: 02-07-2024 11:43:46
സെക്ഷൻ ഓഫീസർ

പകർപ്പ്:

1.കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്

2.കാർഷികോൽപ്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - പൊതു ആവശ്യം - പാലക്കാട് ജില്ലയിൽ കാവശ്ശേരി 1 വില്ലേജിൽ 08.65 ആർസ് നിലം ഫാം റോഡ് നിർമ്മാണത്തിനായി പരിവർത്തനപ്പെടുത്തുന്നതിന് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻ.സി.എ) വകുപ്പ്**

**സ.ഉ.(കൈ) നം.63/2024/AGRI തീയതി,തിരുവനന്തപുരം, 01-07-2024**

---

പരാമർശം:- 1. കാവശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച ഫോം.2 അപേക്ഷ ഉള്ളടക്കം ചെയ്ത കാവശ്ശേരി കൃഷി ഓഫീസറുടെ 12.02.2024-ലെ കത്ത്.

2. 11.03.2024-ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

**ഉത്തരവ്**

പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്ക് കാവശ്ശേരി 1 വില്ലേജിൽ സർവ്വേ നമ്പർ 306/25, 306/24, 306/16, 307/7, 306/23, 306/5, 306/20, 306/22, 306/21, 306/4, 307/4, 306/15, 306/8, 307/5 എന്നിവയിൽപ്പെട്ട ആകെ 0.0865 ഹെക്ടർ നിലം ഭൂമി (08.65 ആർസ് നിലം) ഫാം റോഡ് നിർമ്മാണത്തിനായി പരിവർത്തനപ്പെടുത്തുന്നതിന് കാവശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 8 പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി 11.03.2024-ൽ കൂടിയ യോഗത്തിൽ പരിശോധിച്ച് ചുവടെ ചേർക്കും പ്രകാരം തീരുമാനം കൈക്കൊള്ളുകയും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി:

"പാലക്കാട് ജില്ലയിൽ കാവശ്ശേരി വില്ലേജിൽ സർവ്വേ നമ്പർ 306/25, 306/24, 306/16, 307/7, 306/23, 306/5, 306/20, 306/22, 306/21, 306/4, 307/4, 306/15, 306/8, 307/5 ൽപ്പെട്ട ആകെ 08.65 ആർസ് നിലം ഫാം റോഡ് നിർമ്മാണത്തിനായി പരിവർത്തനപ്പെടുത്തുന്നതിന് കാവശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ, പരിവർത്തനം നടത്തുന്നത് മൂലം സമീപത്തുള്ള നെൽകൃഷിയെയോ ജലനിർഗ്ഗമന ചാലുകളെയോ ബാധിക്കുവാൻ പാടുള്ളതല്ല എന്ന വ്യവസ്ഥയിൽ പരിവർത്തനാനുമതി നൽകാവുന്നതാണ്. ടി വ്യവസ്ഥ പാലിയ്ക്കുന്നുണ്ടോയെന്ന് ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്."

2. സംസ്ഥാനതല സമിതിയുടെ മേൽ റിപ്പോർട്ട് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 10(2) പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു. പരിവർത്തനം നടത്തുന്നത് മൂലം സമീപത്തുള്ള നെൽകൃഷിയെയോ ജലനിർഗ്ഗമന ചാലുകളെയോ ബാധിക്കുവാൻ പാടുള്ളതല്ല എന്ന വ്യവസ്ഥയിൽ, പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്ക്

കാവശ്ശേരി 1 വില്ലേജിൽ സർവ്വേ നമ്പർ 306/25, 306/24, 306/16, 307/7, 306/23, 306/5, 306/20, 306/22, 306/21, 306/4, 307/4, 306/15, 306/8, 307/5 എന്നിവയിൽപ്പെട്ട ആകെ 0.0865 ഹെക്ടർ (08.65 ആർസ്) നിലം ഭൂമി ഫാം റോഡ് നിർമ്മാണത്തിനായി പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത വ്യവസ്ഥ പാലിക്കുന്നുണ്ടെന്ന് ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബാലഗോപാൽ കെ കെ

അഡിഷണൽ സെക്രട്ടറി

1.സെക്രട്ടറി, കാവശ്ശേരി ഗ്രാമപഞ്ചായത്ത്, പാലക്കാട്.
2.ലാൻഡ് റവന്യൂ കമ്മീഷണർ
3.ജില്ലാ കളക്ടർ, പാലക്കാട്.
4.പ്രിൻസിപ്പൽ കൃഷി ഓഫീസർ, പാലക്കാട്
5.ഡോ.പി.ഒ.നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവകലാശാല, തൃശ്ശൂർ.
6.ഡോ.അനു.ജി.കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഹോർട്ടികൾച്ചർ, റീജിയണൽ അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ (25) കുമരകം, കോട്ടയം.
7.കൃഷി ഓഫീസർ, കാവശ്ശേരി കൃഷി ഓഫീസ്, പാലക്കാട്.
8.വില്ലേജ് ഓഫീസർ, കാവശ്ശേരി 1 വില്ലേജ് ഓഫീസ്, പാലക്കാട്.
9.വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്).
10.കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Archana B P
Date: 02-07-2024 12:05:59
സെക്ഷൻ ഓഫീസർ

പകർപ്പ്:
1.കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്.
2.കാർഷികോൽപ്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണിർത്തട സംരക്ഷണ നിയമം - പൊതു ആവശ്യം - പാലക്കാട് ജില്ലയിൽ പാലക്കാട്-3 വില്ലേജിൽ ബ്ലോക്ക് 117 ൽ സർവ്വേ നമ്പർ 16 ൽപ്പെട്ട 120.27 ആർസ് ഭൂമി പാലക്കാട് പുതിയ കോടതി സമുച്ചയത്തിന്റെ നിർമ്മാണത്തിനായി പരിവർത്തനപ്പെടുത്തുന്നതിന് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻ.സി.എ) വകുപ്പ്**

**സ.ഉ.(കൈ) നം.65/2024/AGRI തീയതി,തിരുവനന്തപുരം, 01-07-2024**

---

പരാമർശം:- 1. പാലക്കാട് ജില്ലാ കോടതി ജഡ്ജ് സമർപ്പിച്ച ഫോം.2 അപേക്ഷ ഉള്ളടക്കം ചെയ്ത പാലക്കാട് മുൻസിപ്പാലിറ്റി അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസറുടെ 07.12.2023-ലെ KBPKD 41/2023-24 നമ്പർ കത്ത്.

2. 11.03.2024-ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

**ഉത്തരവ്**

പാലക്കാട് ജില്ലയിൽ പാലക്കാട് താലൂക്ക് പാലക്കാട്-3 വില്ലേജിൽ ബ്ലോക്ക് 117-ൽ സർവ്വേ നമ്പർ 16-ൽ പ്പെട്ട 120.27 ആർസ് ഭൂമി പാലക്കാട് പുതിയ കോടതി സമുച്ചയത്തിന്റെ നിർ മ്മാണത്തിനായി പരിവർത്തനപ്പെടുത്തുന്നതിന് പാലക്കാട് ജില്ലാ കോടതി ജഡ്ജ് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 8 പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി 11.03.2024-ൽ കൂടിയ യോഗത്തിൽ പരിശോധിച്ച്, ചുവടെ ചേർക്കും പ്രകാരം തീരുമാനം കൈക്കൊള്ളുകയും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി:

"പാലക്കാട് ജില്ലയിൽ പാലക്കാട്-3 വില്ലേജിൽ ബ്ലോക്ക് 117 ൽ സർവ്വേ നമ്പർ 16 ൽപ്പെട്ട 120.27 ആർസ് ഭൂമി പുതിയ കോടതി സമുച്ചയത്തിന്റെ നിർമ്മാണത്തിനായി പരിവർത്തനപ്പെടുത്തുന്നതിന് പാലക്കാട് ജില്ലാ ജഡ്ജ് സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ, പരിവർത്തനം ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം 20.2 ആറിൽ അധികമായതിനാൽ 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം, വകുപ്പ് 6(2) പ്രകാരം പരിവർത്തനം ചെയ്യുന്ന ഭൂമിയുടെ 10% ജലസംരക്ഷണത്തിനായി മാറ്റിവയ്ക്കണമെന്ന വ്യവസ്ഥയിൽ പരിവർത്തനാനുമതി നൽകാവുന്നതാണ്. ടി വ്യവസ്ഥ പാലിയ്ക്കുന്നുണ്ടോയെന്ന് ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്."

2. സംസ്ഥാനതല സമിതിയുടെ മേൽ റിപ്പോർട്ട് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 10(2) പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു. പരിവർത്തനം ചെയ്യുന്ന ഭൂമിയുടെ 10% ജലസംരക്ഷണത്തിനായി മാറ്റിവയ്ക്കണമെന്ന വ്യവസ്ഥയിൽ, പാലക്കാട് ജില്ലയിൽ പാലക്കാട് താലൂക്ക് പാലക്കാട്-3

വില്ലേജിൽ ബ്ലോക്ക് 117-ൽ സർവ്വേ നമ്പർ 16-ൽപ്പെട്ട 120.27 ആർസ് ഭൂമി പാലക്കാട് പുതിയ കോടതി സമുച്ചയത്തിന്റെ നിർമ്മാണത്തിനായി പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബാലഗോപാൽ കെ കെ

അഡിഷണൽ സെക്രട്ടറി

1. ജില്ലാ ജഡ്ജ്, ജില്ലാ കോടതി, പാലക്കാട്.
2. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
3. ജില്ലാ കളക്ടർ, പാലക്കാട്.
4. പ്രിൻസിപ്പൽ കൃഷി ഓഫീസർ, പാലക്കാട്.
5. ഡോ.പി.ഒ,നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവകലാശാല, തൃശ്ശൂർ.
6. ഡോ.അനു.ജി.കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഹോർട്ടികൾച്ചർ, റീജിയണൽ അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ (25) കുമരകം, കോട്ടയം.
7. അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ, കൃഷി ഭവൻ, പാലക്കാട് മുൻസിപ്പാലിറ്റി, പാലക്കാട്.
8. വില്ലേജ് ഓഫീസർ, പാലക്കാട്-3, പാലക്കാട്.
9. വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്).

10 കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Archana B P
Date: 02-07-2024 11:14:43

സെക്ഷൻ ഓഫീസർ

പകർപ്പ്:

1.കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്

2.കാർഷികോൽപ്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - പൊതു ആവശ്യം - പാലക്കാട് ജില്ലയിൽ പാലക്കാട്-3 വില്ലേജിൽ ബ്ലോക്ക് 117ൽ സർവ്വേ നമ്പർ 22ൽപ്പെട്ട 8.10 ആർസ് ഭൂമി പാലക്കാട് റീസർവ്വെ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിന്റെ കെട്ടിട നിർമ്മാണത്തിനായി പരിവർത്തനപ്പെടുത്തുന്നതിന് - അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻ.സി.എ) വകുപ്പ്**

**സ.ഉ.(കൈ) നം.66/2024/AGRI തീയതി,തിരുവനന്തപുരം, 01-07-2024**

---

പരാമർശം:- 1. പാലക്കാട് റീസർവ്വെ അസിസ്റ്റന്റ് ഡയറക്ടർ സമർപ്പിച്ച ഫോം.2 അപേക്ഷ ഉള്ളടക്കം ചെയ്ത പാലക്കാട് മുൻസിപ്പാലിറ്റി അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസറുടെ 18.10.2023-ലെ KB PKD 41/2023-24 നമ്പർ കത്ത്.

2. 11.03.2024-ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

**ഉത്തരവ്**

പാലക്കാട് ജില്ലയിൽ പാലക്കാട് താലൂക്ക് പാലക്കാട്-3 വില്ലേജിൽ ബ്ലോക്ക് 117ൽ സർവ്വേ നമ്പർ 22ൽപ്പെട്ട 8.10 ആർസ് ഭൂമി ഓഫീസ് കെട്ടിടം നിർമ്മാണത്തിനായി പരിവർത്തനപ്പെടുത്തുന്നതിന് പാലക്കാട് റീസർവ്വെ അസിസ്റ്റന്റ് ഡയറക്ടർ പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 8 പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി 11.03.2024-ൽ കൂടിയ യോഗത്തിൽ പരിശോധിച്ച്, ചുവടെ ചേർക്കും പ്രകാരം തീരുമാനം കൈക്കൊള്ളുകയും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി:

"പാലക്കാട് ജില്ലയിൽ പാലക്കാട്-3 വില്ലേജിൽ ബ്ലോക്ക് 117 ൽ സർവ്വേ നമ്പർ 22 ൽപ്പെട്ട 8.10 ആർസ് ഭൂമി ഓഫീസ് കെട്ടിടം നിർമ്മാണത്തിനായി പരിവർത്തനപ്പെടുത്തുന്നതിന് പാലക്കാട് റീസർവ്വെ അസിസ്റ്റന്റ് ഡയറക്ടർ സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ, പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശിപാർശ അംഗീകരിച്ച് പരിവർത്തനാനുമതി നൽകാവുന്നതാണ്"

2. സംസ്ഥാനതല സമിതിയുടെ മേൽ റിപ്പോർട്ട് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 10(2) പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു. സമിതിയുടെ പ്രസ്തുത റിപ്പോർട്ട് അംഗീകരിച്ച് പാലക്കാട് ജില്ലയിൽ പാലക്കാട് താലൂക്ക് പാലക്കാട്-3 വില്ലേജിൽ ബ്ലോക്ക് 117ൽ സർവ്വേ നമ്പർ 22ൽപ്പെട്ട 8.10 ആർസ് (20

സെന്റ്) ഭൂമി പാലക്കാട് റീസർവ്വെ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിന്റെ കെട്ടിട നിർമ്മാണത്തിനായി പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബാലഗോപാൽ കെ കെ

അഡിഷണൽ സെക്രട്ടറി

1. അസിസ്റ്റന്റ് ഡയറക്ടർ, റീസർവ്വെ ഓഫീസ്, പാലക്കാട്-678001.
2. ലാന്റ് റവന്യൂ കമ്മിഷണർ, തിരുവനന്തപുരം.
3. ജില്ലാ കളക്ടർ, പാലക്കാട്.
4. പ്രിൻസിപ്പൽ കൃഷി ഓഫീസർ, പാലക്കാട്.
5. ഡോ.പി.ഒ.നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവകലാശാല, തൃശ്ശൂർ.
6. ഡോ.അനു.ജി.കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഹോർട്ടികൾച്ചർ, റീജിയണൽ അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ (25) കുമരകം, കോട്ടയം.
7. അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ, പാലക്കാട് മുൻസിപ്പാലിറ്റി, പാലക്കാട്.
8. വില്ലേജ് ഓഫീസർ, പാലക്കാട്-3, പാലക്കാട്.
9. വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്).
10. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Archana B P

Date: 02-07-2024 11:19:16

സെക്ഷൻ ഓഫീസർ

പകർപ്പ്:

1. കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്
2. കാർഷികോൽപ്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - പൊതു ആവശ്യം - പാലക്കാട് ജില്ലയിൽ തേങ്കുറിശ്ശി II വില്ലേജിൽ റൂറൽ സെൽഫ് എംപ്ലോയ്മെന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (RSETI) കെട്ടിടം നിർമ്മിക്കുന്നതിന് ബ്ലോക്ക് നം.19 റീസർവ്വേ നമ്പർ 384/14-ൽപ്പെട്ട 13.03 ആർസ് ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് - അനുമതി നൽകി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻ.സി.എ) വകുപ്പ്**

**സ.ഉ.(കൈ) നം.103/2024/AGRI തീയതി,തിരുവനന്തപുരം, 01-10-2024**

---

പരാമർശം:- 1. കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച ഫോറം 2 അപേക്ഷ ഉള്ളടക്കം ചെയ്ത തേങ്കുറുശ്ശി കൃഷി ഓഫീസറുടെ 10.6.2024 ലെ TKY/23/2024-25 നമ്പർ കത്ത്.

2. 04.09.2024-ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്ക് തേങ്കുറിശ്ശി II വില്ലേജിൽ ബ്ലോക്ക് നം.19 റീസർവ്വേ നമ്പർ 384/14-ൽപ്പെട്ട 13.03 ആർസ് ഭൂമി റൂറൽ സെൽഫ് എംപ്ലോയ്മെന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (RSETI) കെട്ടിടം നിർമ്മിക്കുന്നതിനായി കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 8 പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി 04.09.2024-ൽ കൂടിയ യോഗത്തിൽ പരിശോധിച്ച് താഴെപ്പറയും പ്രകാരം തീരുമാനം കൈക്കൊള്ളുകയും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി:

"പാലക്കാട് ജില്ലയിൽ തേങ്കുറിശ്ശി II വില്ലേജിൽ ബ്ലോക്ക് നം.19 റീസർവ്വേ നമ്പർ 384/14 ൽപ്പെട്ട 13.03 ആർസ് ഭൂമി റൂറൽ സെൽഫ് എംപ്ലോയ്മെന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (RSETI) കെട്ടിടം നിർമ്മിക്കുന്നതിനായി പരിവർത്തനപ്പെടുത്തുന്നതിന് കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ, ആവശ്യമായ ജല നിർഗ്ഗമന സംവിധാനം ഒരുക്കണമെന്നുമുള്ള വ്യവസ്ഥയിൽ പരിവർത്തനാനുമതി നൽകാവുന്നതാണ്. ടി വ്യവസ്ഥ പാലിക്കുന്നുണ്ടോയെന്ന് ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്."

2. സംസ്ഥാനതല സമിതിയുടെ മേൽ റിപ്പോർട്ട് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 10(2) പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു. ആവശ്യമായ ജലനിർഗ്ഗമന സംവിധാനം ഒരുക്കണമെന്നുമുള്ള വ്യവസ്ഥയിൽ

പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്ക് തേങ്കുറിശ്ശി II വില്ലേജിൽ ബ്ലോക്ക് നം.19 റീസർവ്വേ നമ്പർ 384/14-ൽപ്പെട്ട 13.03 ആർസ് ഭൂമി റൂറൽ സെൽഫ് എംപ്ലോയ്മെന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (RSETI) കെട്ടിടം നിർമ്മിക്കുന്നതിനായി പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത വ്യവസ്ഥ പാലിക്കുന്നുണ്ടെന്ന് പാലക്കാട് ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബാലഗോപാൽ കെ കെ
അഡിഷണൽ സെക്രട്ടറി

1. സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, കുഴൽമന്ദം, പാലക്കാട്
2. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
3. ജില്ലാ കളക്ടർ, പാലക്കാട്.
4. പ്രിൻസിപ്പൽ കൃഷി ഓഫീസർ, പാലക്കാട്.
5. ഡോ.പി.ഒ.നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവകലാശാല, തൃശ്ശൂർ.
6. ഡോ.അനു.ജി.കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഹോർട്ടികൾച്ചർ, റീജിയണൽ അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ (25) കുമരകം, കോട്ടയം.
7. കൃഷി ഓഫീസർ, തേങ്കുറുശ്ശി കൃഷി ഓഫീസ്, പാലക്കാട്.
8. വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
9. കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Archana B P
Date: 01-10-2024 15:54:46
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1.കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്.

2.കാർഷികോൽപ്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - പൊതു ആവശ്യം - പാലക്കാട് ജില്ലയിൽ പട്ടാമ്പി താലൂക്കിൽ പട്ടിത്തറ വില്ലേജിൽ പി.എച്ച്.സി കെട്ടിട നിർമ്മാണത്തിനായി ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത 0.3013 ഹെക്ടർ ഭൂമി സ്വഭാവ വ്യതിയാനം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (എൻ.സി.എ) വകുപ്പ്**

സ.ഉ.(കൈ) നം.29/2025/AGRI തീയതി,തിരുവനന്തപുരം, 12-03-2025

പരാമർശം:- പാലക്കാട് ഡെപ്യൂട്ടി കളക്ടറുടെ (LR) 18.12.2024-ലെ RDOOTP/2327/2023-G1 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

പാലക്കാട് ജില്ലയിൽ പട്ടാമ്പി താലൂക്കിൽ പട്ടിത്തറ വില്ലേജിലെ കോട്ടപ്പാടം ദേശം സർവ്വെ നമ്പർ 71/1A-ൽപ്പെട്ട 0.3349 ഹെക്ടർ ഭൂമിയിൽ ജലസംരക്ഷണത്തിനുള്ള 0.0336 ഹെക്ടർ ഭൂമി ഒഴിവാക്കി 0.3013 ഹെക്ടർ ഭൂമി പട്ടിത്തറ പി.എച്ച്.സി കെട്ടിടം നിർമ്മാണത്തിനുവേണ്ടി പരിവർത്തന പ്പെടുത്തുന്നതിന് പട്ടിത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷയിന്മേൽ പരാമർശം പ്രകാരം പാലക്കാട് ഡെപ്യൂട്ടി കളക്ടർ ചുവടെ ചേർക്കുന്ന റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി:

"പട്ടിത്തറ പി.എച്ച്.സി യുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് പട്ടിത്തറ വില്ലേജിലെ കോട്ടപ്പാടം ദേശം സർവ്വെ നമ്പർ 71/IA (സർവ്വെ നമ്പർ 71/1 താലൂക്ക് സർവേയർ സബ് ഡിവിഷൻ ചെയ്ത് 71/1A ആയിട്ടുണ്ട്) ൽപ്പെട്ട 0.3349 ഹെക്ടർ സ്ഥലത്തിൽ ജലസംരക്ഷണത്തിനുള്ള 0.0336 ഹെക്ടർ സ്ഥലം ഒഴിവാക്കി 0.3013 ഹെക്ടർ സ്ഥലം തരം മാറ്റി നൽകുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷയിൽ അന്വേഷണം നടത്തി ആവശ്യമായ രേഖകൾ സഹിതം പട്ടിത്തറ വില്ലേജ് ഓഫീസർ, പട്ടിത്തറ കൃഷി ഓഫീസർ എന്നിവർ ശിപാർശ ചെയ്ത് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അപേക്ഷയിന്മേൽ സ്ഥല പരിശോധന നടത്തി. അപേക്ഷ ഭൂമി തരം മാറ്റുന്നതുമൂലം സമീപത്തുള്ള നെൽവയലുകളിലെ കൃഷിയെ ദോഷകരമായി ബാധിക്കുന്നില്ലെന്നും ചേർന്നു കിടക്കുന്ന നെൽവയലുകളിലേയ്ക്ക് ജലം സുഗമമായി ഒഴുകിപോകുന്നതിന് തടസ്സമില്ലെന്നും കാണുന്നു. ജലസംരക്ഷണ നടപടികൾക്ക് നീക്കിവച്ച സ്ഥലം അനുയോജ്യമാണ്. അപേക്ഷ പരിഗണിക്കാവുന്നതും തരം മാറ്റം അനുവദിക്കാവുന്നതുമാണെന്ന് ശിപാർശ ചെയ്യുന്നു."

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ഡെപ്യൂട്ടി കളക്ടറുടെ (എൽ.ആർ) പരാമർശം റിപ്പോർട്ട് 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ

(ഭേദഗതി) നിയമത്തിലെ വകുപ്പ് 27എ(8) പ്രകാരമുള്ള റിപ്പോർട്ടായി അംഗീകരിച്ച്, പാലക്കാട് ജില്ല പട്ടാമ്പി താലൂക്കിൽ പട്ടിത്തറ വില്ലേജിലെ കോട്ടപ്പാടം ദേശം സർവ്വെ നമ്പർ 71/1A-ൽപ്പെട്ട 0.3349 ഹെക്ടർ ഭൂമിയിൽ ജലസംരക്ഷണത്തിനുള്ള 0.0336 ഹെക്ടർ ഭൂമി ഒഴിവാക്കി 0.3013 ഹെക്ടർ ഭൂമി പട്ടിത്തറ പി.എച്ച്.സി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വഭാവവ്യതിയാനം വരുത്തുന്നതിന് ചുവടെ ചേർക്കുന്ന വ്യവസ്ഥയ്ക്ക് വിധേയമായി 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിലെ വകുപ്പ് 27എ(9) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- പ്രസ്തുത ഭൂമിയുടെ പരിവർത്തനം സമീപത്തെ നെൽക്കൃഷിയെയോ നീരൊഴുക്കിനെയോ തടസ്സപ്പെടാത്ത രീതിയിൽ മുൻകരുതലുകൾ കൈക്കൊള്ളേണ്ടതാണ്.
- പ്രസ്തുത വ്യവസ്ഥ പാലിക്കുന്നുണ്ടെന്ന് പാലക്കാട് ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജാഫർഖാൻ.എസ്
അഡിഷണൽ സെക്രട്ടറി

1.ജില്ലാ കളക്ടർ, പാലക്കാട്.
2.ഡെപ്യൂട്ടി കളക്ടർ (എൽ ആർ), പാലക്കാട്.
3.സെക്രട്ടറി, പട്ടിത്തറ ഗ്രാമപഞ്ചായത്ത്, പാലക്കാട്,
4.വില്ലേജ് ഓഫീസർ, പട്ടിത്തറ, പാലക്കാട്.
5.കൃഷി ഓഫീസർ, പട്ടിത്തറ, പാലക്കാട്.
6.വിവര പൊതുജന സമ്പർക്ക് വകുപ്പ് (പ്രസിദ്ധീകരണത്തിന്)
7.കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Archana B P
Date: 17-03-2025 11:09:35
സെക്ഷൻ ഓഫീസർ

പകർപ്പ്:-
1.ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്.
2.കാർഷികോല്പാദന കമ്മീഷണർ & കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.